# ചിത്രോദയം

മലയാള പുരോഗമന വാരിക

## വിഷയവിവരം.

കററം ആർക്ക്? — (കവിത)
തിരുവാർപ്പ് എൻ. ആർ. പിള്ള 3
ഗായകന്മാർ— (കവിത)
പി. ഭാസ്കരൻ 3
സാഹിത്യപ്രസ്ഥാനങ്ങൾ — (ലേഖനം)
വക്കം അബ്ദുൽഖാദർ 4
അമ്മയോടു പരാതി — (ഗദ്യകവിത)
കെ. സുരേന്ദ്രൻ 6
സോവിയററ്യൂണിയനിലെ തെരഞ്ഞെടുപ്പ് —
പി. ഭാസ്കരൻനായർ ബി. എ. 7
കണ്ണുനീർ — (ചെറുകഥ)
മിസ്സിസ് സലോമി ജോസഫ് ബി. എ. 10
പതിമൂന്നാംപേജ് — ബാലൻ 13
ഗ്രന്ഥവിഹാരം —
സി. ജെ. തോമസ് ബി. എ., ബി. എൽ. 15
" — കെ. ആർ. രാമകൃഷ്ണൻ 18
കൊടുങ്കാററ് — (കവിത)
ഒ. എം. അനുജൻ 18
കരക്കവഴി — (ചെറുകഥ)
ടി. എ. പീററർ 19

XXV (19)

Dec: 23, 1945

വില 2 ണ.

# നിങ്ങളുടെ ഭാവി

ഒരു പുതുവർഷം നിങ്ങളോടു വളരെ സമീപിച്ചിരിക്കുന്നു. 1946—ൽ നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ശുഭാശുഭഫലങ്ങളെപ്പററി നേരത്തെ അറിഞ്ഞിരിക്കേണ്ടതു് എത്രയും അത്യാവശ്യമാണു്. വ്യവസായാഭിവൃദ്ധി, ദൂരയാത്ര, ഉദ്യോഗലാഭം, വിവാഹം, പുത്രലാഭം ആദിയായവയെപ്പററി ശരിയായി ഫലം അറിയുന്നതിനു ൧. ക. മാത്രം. ഭാവിയെപ്പററിയുള്ള അഞ്ചുചോദ്യങ്ങൾക്കുത്തരം ൨ ക.

മാനേജർ, ജ്യൂപ്പിററർ ജോതിഷനിലയം,

കോട്ടയം, തിരുവിതാംകൂർ.

---

# ഭ ദ്ര ദാ രു തൈ ലം

വാതരോഗങ്ങൾക്കു കൈകണ്ടമരുന്നു്. മരപ്പു്, തരിപ്പു്, വെട്ടൽ, സ്തംഭനം, നീർക്കെട്ടു് മുതലായവയെ ഉടനെ ശമിപ്പിക്കുന്നു.

൨ ഔൺസു് കുപ്പി ൧—ക്കു് ൨ രൂപാ

# സി ദ്ധൗ ഷ ധം.

ഇന്ദ്രിയസ്ഖലനം ഹേതുവായിട്ടു് കണ്ണുകുഴിഞ്ഞും, കവിളൊട്ടിയും വികൃതരൂപികളായവരും, ശീഘ്രസ്ഖലനത്താൽ നിരാശരായവരും, ധാതുപുഷ്ടിക്കുവേണ്ടി ശുക്ലസംരക്ഷിണി ഗുളികതന്നെ സേവിക്കണം. ഡസൻ ൧—ക്കു ൩ രൂപാമാത്രം

കെ. കെ. വൈദ്യൻ, ധന്വന്തരി വൈദ്യശാല.

കോട്ടയം, തിരുവിതാംകൂർ.

---

# തച്ചുശാസ്ത്രം.

സംബന്ധിച്ച എല്ലാ ആവശ്യങ്ങൾക്കും ആ വിഷയത്തിൽ പണ്ടേയ്ക്കുപണ്ടേ പ്രസിദ്ധിനേടിയ കാണിപ്പയ്യൂർ മനയ്ക്കലെ ഇന്നത്തെ പണ്ഡിതനായ ശങ്കരൻനമ്പൂതിരിപ്പാടവർകൾക്കു എഴുതിയാൽമതി.

A. O. & P. O. കുന്നംകുളം.

# ചിത്രോദയം

## കുററം ആർക്കു്?

(തിരുവാർപ്പ് എൻ ആർ പിള്ള)

നിസ്സഹായാത്മനാ തൻതൊഴുകയ്യുമായ്
നിൽക്കയാണച്ചെറുമാടം.
പട്ടിണിപ്പട്ടടച്ചെന്തീയ്ക്കു കത്തുവാൻ
കഷ്ണമതിന്നിന്ധനമായി!
ഒട്ടേറെ, സൽകൃപാസാന്ദ്രമാം ശീതള-
ച്ഛായയതിന്മേൽ ചേർക്കാൻ,
ജീമൂതവാഹനൻ ജീവിച്ച നാട്ടിൽ
ജീമൂതമില്ലാതെ പോയി!
സങ്കടമില്ല തൻ പൈദാഹപീഡയാൽ
തേങ്ങുന്നതിൻ മാനസതാരിൽ.
"ക്രൂനിൽക്കുരുവന്ന"പോലവേ വാർദ്ധക്യത്താൽ
കൂനിയ നട്ടെല്ലൊടിക്കാൻ;
ഉൽക്കടപട്ടിണി മാതാപിതാക്കളെ
മർദ്ദിപ്പതെങ്ങനെ കാണും?
വേലയ്ക്കു യാചിച്ചു, പാവം പലേ പടി-
വാതിലും കാത്തു കരഞ്ഞു.
കണ്ടാലെ പൊള്ളുന്ന തീയത്രേ, യൗവനം
ചെണ്ടിട്ട നാരി; വേണ്ടോളം!
മാനവും കഷ്ടമായ് മല്ലടിച്ചങ്ങനെ
മാനിനിയ്ക്കുള്ളം കുഴഞ്ഞു.
മുന്നിലും പിന്നിലും രണ്ടു പാശങ്ങളാൽ
തന്നെ വലിപ്പതു പോലെ!
കാമ്മനിൽ പൂണ്ടു തൻ കാലിണ കൈകൂതാഴുന്ന
കാമന്റെ കിങ്കരനേകൻ.
കല്ലിലും മുള്ളിലുംനോവാതെ കാൽവെയ്പിൽ
പുഷ്പം വാരി വിരിക്കാൻ.
"സീതയാൽ, [illegible]യാൽ, സാവിത്രീദേവിയാ
പൂതമായ്ത്തീർന്നൊരീ നാട്ടിൽ; (ൽ
ചാരിത്ര്യപ്പൂങ്കൊടികൾ വേരറ്റും,
വാടിപ്പൊഴിഞ്ഞൊരീ നാട്ടിൽ;
ചാരിത്ര്യവഹ്നിയാൽ കൈരാതകാമനെ
ചാരമായ് മാറ്റിയ നാട്ടിൽ;
സൂര്യോദയത്തെയും ബന്ധിച്ചു നിർത്തിയ
ചാരിത്ര്യശക്തിതൻ നാട്ടിൽ;
വഹ്നിയെച്ചന്ദനച്ചാറാക്കാൻ, ചാരിത്ര്യം
തന്നാൽക്കഴിഞ്ഞൊരീ നാട്ടിൽ;
ചാരിത്ര്യം വിറ്റുണ്ണും പാപിനിയാകൊല്ലു'
നാരിയെ ശാസിച്ചു മാനം!
"ജീവിക്കു; ജീവിക്കു; ജീവിതപ്പോരുനി-
ച്ചുമരിതമ്പിക്കലങ്ങി,

## ഗായകന്മാർ

(പി ഭാസ്കരൻ)

ഗായകരുണ്ടവരൊട്ടുപേർ, ജീവിത-
മായിക മംഗലഹാരിയിൽ മുങ്ങുവോർ.
അന്തിതൻ പൊൻചഷകത്തിൽത്തുളുമ്പുന്ന
മുന്തിരിച്ചാറവർ മോന്തുമിടയ്ക്കിടെ.
സാഗരവീചികൾ പാറതൻകാൽക്കൽ വ-
ന്നാകുലത്തോടെ തലതല്ലിയാർക്കവെ,
മണ്ണിൽച്ചിതറിത്തെറിച്ചുവീഴുന്നൊരു
കണ്ണീർക്കണങ്ങളവർക്ക് വെൺമുത്തുകൾ;
മറ്റൊരു ലോകമവർക്കില്ല, മഞ്ജുസ്ഥലി
പൂർണ്ണമവരുടെ ഏകാന്തനന്ദനം.
കാലുമിടറിയസ്വപ്നസീമയിൽ മൊഴികൾ
കോലുന്ന ഭാഷയിൽ പാട്ടുപാടുന്നവർ.
പാടും വിഷയമോ? പൂഞ്ചിറിപ്പൂവുകൾ
ചൂടുന്ന പൂണ്ടുകൾ, ചൂടുള്ള ചുംബനം!
സ്വന്തം മദോന്മാദമേറും ചിറകുമായ്
പൊന്തുമവർചില സ്വപ്നലോകങ്ങളിൽ.
വീണയവർക്കായ് പണിതവർ, പറ്റിലും
വീണു വിശപ്പിനാൽക്കാലിട്ടടിക്കവേ,
പാടുമവർ, സ്വയം ബുദ്ധിമാന്മാരെന്ന
ധാടിയുംകൈക്കൊണ്ടു സ്വപ്നാനുസാരമായ്
ആരാൻ പ്രതിഷേധശബ്ദമുയർത്തിയാ-
ലൂരിവീശിടും ചില പട്ടവാക്കുകൾ.
"ഞങ്ങൾ സ്വതന്ത്രരാണി,ശ്വരീ ഞങ്ങളെ-
ച്ചങ്ങല വെച്ചെന്നൊരാദർശസംഹിത!
അജ്ഞരാം ശ്രോതാക്കളോർക്കുമോ, സൽകലാ-
വിജ്ഞാനമുൾപ്പാട്ടിന്റെ മാധുര്യം?
പാട്ടുകാർ താളംപിഴച്ചു പാടുന്നതും
കേട്ടിരിപ്പോർ തലയാട്ടിക്കുഴങ്ങണം!

---

ഉൽക്കടക്ഷുത്തിന്റെയുഗ്രമഹാനദി
നിൽക്കാതെ പിന്നെയും പാഞ്ഞു;
ആമർശം കെട്ടിപ്പടുത്തൊരാ സ്നേഹക്കു-
ളാകെക്കുത്തിക്കുഴിഞ്ഞു!
മാനം ത്യജിച്ചിട്ടും ജീവനെപ്പോറ്റുവാൻ
മാനിനി"പാതയിൽ ഇറങ്ങി!"

* * *

കണ്ണിൽപ്പതിക്കുന്ന നിസ്സഹായതയെന്ന
കണ്ടിട്ടു നീയെന്തു ചെയ്തു?
കുറ്റപ്പെടുത്തുവാൻ നോക്കുന്ന ലോകമേ!
കുറ്റമാർക്കാണു, നീയോർക്കൂ!

# സാഹിത്യപ്രസ്ഥാനങ്ങൾ

(വക്കം എം. അബ്ദുൽഖാദർ)

1

ആ ചെറുപ്പക്കാരൻ കൈയിൽ ഒരു കടലാസ്സുകഷണത്തോടുകൂടി വഴിവക്കിലുള്ള ആ ഭവനത്തിന്റെ വാതിലിൽ മുട്ടിവിളിച്ചു. “സാറേ, സാറേ...” മറുപടിയില്ല. അയാൾ വീണ്ടും വിളിച്ചു. “സാറുണ്ടോ” മറുപടിയില്ല. അയാൾ തിരിഞ്ഞു റോഡിലേക്കു നോക്കി. ആരുമില്ല. യാതൊരു ശബ്ദവുമില്ല. വിജനത! നിശ്ശബ്ദത! നിരാശ അയാളുടെ മുഖത്തു നിഴലിച്ചു. തന്റെ വലിയ പ്രതീക്ഷകളുടേയും പ്രത്യാശകളുടേയും ഇടിവു് അനുഭവിക്കുന്നവനേപ്പോലെ ആ ചെറുപ്പക്കാരൻ കുറച്ചിട അങ്ങനെ നിന്നു. പൂർവാധികം ഊക്കോടെ അയാൾ പിന്നെയും കതകിൽ മുട്ടി. ശബ്ദം പൂർവോപരി ഉയർത്തി അയാൾ അത്യുച്ചത്തിൽ വിളിച്ചു. “സാർ...സാർ” — “ആരതു്” അകത്തുനിന്നു് ഒരു ശബ്ദം പുറപ്പെട്ടു. “ഞാൻ തന്നെ” ചെറുപ്പക്കാരൻ സോത്സാഹം പ്രതിവചിച്ചു.

“ഞാനെന്നുവച്ചാൽ?” അകത്തുനിന്നു് ആരോ ചോദിച്ചു.

“ഞാൻതന്നെ” യുവാവു മറുപടി പറഞ്ഞു.

“ഞാനെന്നുവെച്ചാലാരു്” വീണ്ടും ചോദ്യം

“ഞാൻതന്നെ” എന്നു മറുപടി.

ഒരു മധ്യവയസ്കൻ വന്നു കതകു തുറന്നു. നമ്മുടെ ചെറുപ്പക്കാരൻ അകത്തേക്കു പ്രവേശിച്ചു. “എത്രനേരമായി സാർ ഞാൻ ഇവിടെവന്നു വിളിച്ചുതുടങ്ങിയിട്ടു്: സാറിനെ കണ്ടില്ലായിരുന്നുവെങ്കിൽ ഞാൻ വല്ലേടത്തും തളർന്നു വീണു ചാകുമായിരുന്നു. പത്തു മൈൽ ദൂരമാണു സാർ ഞാൻ നടന്നു വന്നിരിക്കുന്നതു്....” യുവാവു വിജൃംഭിതഹൃദയനായി പറഞ്ഞു. “സാറിനെ കണ്ടില്ലായിരുന്നുവെങ്കിൽ എന്റെ സ്ഥിതി മഹാ കഷ്ടത്തിലാകുമായിരുന്നു. നടന്നു നടന്നു ഞാൻ തളർന്നുപോയി സാർ...” “നിങ്ങൾ എന്തിനു വന്നു?” മധ്യവയസ്കൻ ഉറക്കച്ചടവോടുകൂടി ചോദിച്ചു. യുവാവു തന്റെ കൈയിലുള്ള കടലാസ്സുകഷണം അയാളുടെ നേർക്കു നീട്ടി. “എന്താണതു്?” അയാൾ യുവാവിനോടു ചോദിച്ചു.

“എനിക്കു ചില വലിയ സംശയങ്ങളുണ്ടു്. വലിയ സംശയങ്ങളെന്നു വച്ചാൽ വളരെ വലിയ സംശയങ്ങൾ. അവ തീർന്നു കിട്ടിയാലല്ലാതെ എനിക്കു ജീവിതത്തിൽ സുഖമുണ്ടാകയില്ല. ഈ സംശയങ്ങൾ ഉള്ളിൽ വെച്ചുകൊണ്ടു ജീവിക്കുക എന്നതു അതിക്ലേശകരമായി തോന്നുന്നു. എനിക്കു ഊണും ഉറക്കവും ഒന്നും വേണ്ടാ. എല്ലാം ഈ സംശയങ്ങളുടെ അടിയിൽ......” ആ മധ്യവയസ്കൻ മേശയോടു ചാരിനിന്നു ഉറക്കം തൂങ്ങിത്തുടങ്ങി.

“സാർ ഉറങ്ങുകയാണോ?” യുവാവു് ഉൽക്കണ്ഠാപൂർവം ചോദിച്ചു. അയാൾ പകുതിമാത്രം കണ്ണു തുറന്നു.

“വേഗം പറ, എന്തിനു വന്നു?”

യുവാവു്—ഞാൻ പറഞ്ഞതു സാർ കേട്ടില്ലേ? എനിക്കു ചില സംശയങ്ങൾ, അവ തീർത്തു തരണം

മധ്യവയസ്കൻ—എന്തു സംശയങ്ങൾ?

യുവാവു്—സാർ ഉറങ്ങരുതു്;

മധ്യവയസ്കൻ—എന്തു സംശയങ്ങൾ?

യുവാവു്—സാർ ഇതൊന്നു വായിച്ചു നോക്കിയാൽ മതി. അതാ, പിന്നെയും സാർ ഉറങ്ങുന്നു.

മ. വ—ഇല്ല. ഇല്ല. നിങ്ങൾ തന്നെ വായിക്കണം

യു—സാർ, എന്റെ സംശയങ്ങൾ സാഹിത്യപരമായ ചില സംശയങ്ങളാണു്. അവയുടെ പേരുകളാണു് ഞാൻ ഇതിൽ കുറിച്ചിരിക്കുന്നതു് സാർ ഉറങ്ങിയോ?

മ. വ.—ഇല്ല. ഇല്ല. വായിക്കൂ

യുവാവു് ഇങ്ങിനെ വായിച്ചു.

ക്ലാസിസിസം, റൊമാന്റിസിസം, എക്സ്പ്രഷണിസം, സിംബോളിസം, സർറിയലിസം, ഫ്യൂച്ചറിസം, ഇംപ്രഷണിസം, പോസ്റ്റ് ഇംപ്രഷണിസം, ക്യൂബിസം, നാച്ചുറലിസം, റിയലിസം, ഫാവിസം, സാഡിസം,

സാർ കേട്ടില്ലേ? ഇവ ഓരോന്നിനെക്കുറിച്ചും ചുരുക്കത്തിൽ എനിക്കു പറഞ്ഞുതരണം. അതു് അറിഞ്ഞില്ലെങ്കിൽ ഞാൻ ഭ്രാന്തനായിപ്പോവും. സാർ ഉറങ്ങുകയാണോ?

മധ്യവയസ്കൻ തന്റെ ഇരിപ്പു വിട്ടിളകി. അപ്രസന്നമായ അയാളുടെ മുഖത്തു് ഒരു വല്ലായ്മയും ഗൗരവഭാവവും വ്യാപരിച്ചുതുട

ങ്ങി. "സാർ എന്റെ സംശയങ്ങൾ തീർത്തുതന്നിട്ടാകാം. എനിക്കു് ഇപ്പോൾതന്നെ പോകണം".

"താൻ എന്താ ഇപ്പോൾ വായിച്ചതു്?" മദ്ധ്യവയസ്കൻ യുവാവിനെ തുറിച്ചു നോക്കിക്കൊണ്ടു ചോദിച്ചു. അയാളുടെ സ്വരത്തിലും ഭാവത്തിലും ഒരു പ്രതികാരം കലർന്നിരുന്നു. "സാർ കേട്ടില്ലേ, ഉറങ്ങുകയായിരുന്നോ? എന്നാൽ ഒരിക്കൽക്കൂടി വായിക്കാം."

"വേണ്ട, വായിക്കാൻ വരട്ടെ. ഞാൻ കേട്ടു. ഈ പോക്കിരിത്തരം കാട്ടുവാനാണോ താൻ ഓടിവന്നതു്? താൻ ഒരുമാതിരി മര്യാദക്കാരനാണെന്നായിരുന്നു ഞാൻ കരുതിയിരുന്നതു്. തന്റെ സംശയങ്ങളുംകൊണ്ടു വേഗം പുറത്തു കടക്കു്, താമസിക്കേണ്ട, കടക്ക പുറത്തു...."

യുവാവു പരിഭ്രമിച്ചുപോയി. അയാൾക്കു സംഗതി മനസ്സിലായില്ല. തന്റെ ഉസങ്ങളിലെന്തോ അപകടം ഉണ്ടെന്നു് അയാൾ സംശയിച്ചു. അവ പറയാൻ കൊള്ളരുതാത്ത ചീത്തപ്പേരുകളായിരിക്കുമോ എന്നും ആ പാവം വിചാരിച്ചു. മദ്ധ്യവയസ്കന്റെ രോഷം കുറയുന്ന മട്ടു കണ്ടില്ല. അയാളുടെ കണ്ണുകൾ ചുവന്നിരുന്നു, അധരങ്ങൾ ചലിക്കയായിരുന്നു. ആകെക്കൂടി അയാൾ കലികൊണ്ടിളകുകയായിരുന്നു. "എന്താ സാറേ ഇത്ര കോപവും മറ്റും. ഉറക്കത്തിൽനിന്നുണർത്തിയതുകൊണ്ടാണോ? എന്നാൽ ഞാൻ നാളെ രാവിലെ വരാം. അല്ലെങ്കിൽ ഇവിടെ ഒരു മൂലയിൽ അനങ്ങാതെ മിണ്ടാതെ കിടന്നുകൊള്ളാം. സാർ കോപിക്കാതിരുന്നാൽ മതി. എന്നെപ്പോലുള്ളവരുടെ സംശയങ്ങൾ തീർക്കുന്നതു സാറിനെപ്പോലുള്ളവരുടെ കടമയല്ലേ? സാർ വലിയൊരു പണ്ഡിതനാണെന്നറിഞ്ഞുകൊണ്ടല്ലേ ഞാൻ വന്നതു്? ദൈവത്തെയോർത്തു് അടിക്കാതിരുന്നാൽ മതി"—യുവാവു വിനയത്തോടെ സാവധാനത്തിൽ പറഞ്ഞു.

"താൻ എന്നെ മനഃപൂർവം ആക്ഷേപിക്കാനല്ലേ വന്നതു്? തനിക്കു എന്നെ അറിഞ്ഞുകൂടെ? ഞാൻ ഇവിടത്തെ പാചകക്കാരനാണെന്നു തനിക്കു അറിഞ്ഞുകൂടെ? താൻ വലിയ ആളാണെന്നു വിചാരിച്ചു എന്നെ ആക്ഷേപിക്കാൻ വരണോ?"

"ക്ഷമിക്കണം" യുവാവു് അഭ്യർത്ഥിച്ചു, അയാൾ അബദ്ധം പറ്റിയവനെപ്പോലെ ഇരുന്നു. "താൻ പുറത്തിറങ്ങു്, ഇവിടെ ഇരിക്കേണ്ട," പാചകക്കാരൻ ആജ്ഞാപിച്ചു. "അദ്ദേഹം അകത്തുണ്ടോ?" യുവാവു് പരുങ്ങിക്കൊണ്ടു ചോദിച്ചു. പാചകക്കാരനു് അമർഷം അടക്കാൻ കഴിഞ്ഞില്ല. അയാൾ യുവാവിന്റെ നേർക്കു പാഞ്ഞു കയറി അയാളെ തള്ളിയിട്ടടിച്ചു. അവിടെ ഒരു ബഹളം, കസേരകൾ മറിഞ്ഞുവീണു. അകത്തെ മുറിതുറന്നു ഒരു വൃദ്ധൻ വെളിക്കുവന്നു. പാചകക്കാരൻ ഒരു വശത്തു മാറി ഒതുങ്ങി നിന്നു. "എന്താണു് രാമാ ഇവിടെ? നീ എന്തിനു് അയാളുമായി ശണ്ഠയിട്ടു?" രാമൻ കുറ്റമെല്ലാം യുവാവിന്റെമേൽ ചുമത്തിക്കൊണ്ടു് അവിടെ നടന്ന കഥ പറഞ്ഞു. യുവാവു് വിഷണ്ണനായി നിന്നു. ആഗതൻ ചിരിച്ചുകൊണ്ടു് യുവാവിനെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

"രാമൻ മടയനാണു്; പരിഭവിക്കരുതു്; പാതിരാത്രിയിലാണോ ഈ മാതിരി സംശയങ്ങൾ ചോദിക്കാൻ വരുന്നതു്? നിങ്ങളുടെ സംശയങ്ങളുടെ പേരു കേട്ടാൽ രാമനെപ്പോലുള്ളവർക്കു് എന്തു തോന്നും?" വൃദ്ധൻ മന്ദഹാസത്തോടെ പറഞ്ഞു. അവർ ശാന്തമായ ഒരു മുറിയിൽ ഒരു മേശയുടെ ഇരുവശങ്ങളിലായി കസേരകളിലിരുന്നു. "ആ പാചകക്കാരനെ ഞാൻ സാറാണെന്നു തെറ്റിദ്ധരിച്ചുപോയതിൽ വന്ന അബദ്ധമാണിതൊക്കെ. അവന്റെ അടികൊണ്ടു എന്റെ മുതുകു് ഇപ്പോഴും വേദനിക്കുന്നുവെങ്കിലും എനിക്കു സങ്കടമില്ല. സാറിനെ കണ്ടല്ലോ. എന്റെ സംശയങ്ങൾ തീർത്തുതന്നാൽ ഞാൻ ഇപ്പോൾതന്നെ പൊയ്ക്കൊള്ളാം."

"നിങ്ങൾക്കു് ഇങ്ങോട്ടു വരാൻ തോന്നിയതെങ്ങനെ? ഞാൻ ഒരെഴുത്തുകാരനോ പ്രസംഗകാരനോ ഒന്നുമല്ലല്ലോ. ഈ വലിയ സംശയങ്ങൾ ഞാനെങ്ങനെ പരിഹരിക്കും. എഴുത്തുകാരും ചിന്തകന്മാരും പറയേണ്ട കാര്യങ്ങളാണിവ. അറിയപ്പെടാത്തവന്റെ അഭിപ്രായങ്ങൾക്കു വിലയുണ്ടോ?"

യുവാവു്—"അറിയപ്പെടുന്നവരുടെ അഭിപ്രായങ്ങൾ കേട്ടിട്ടു് ഒന്നും മനസ്സിലാവുന്നില്ല, സാർ. എത്രത്തോളം കൂടുതൽ അറിയപ്പെടുന്നുവോ അത്രത്തോളം അവരുടെ വിഡ്ഢിത്തവും അല്പത്തവുമാണു മനസ്സിലാവുന്നതു്. തങ്ങൾക്കു് അറിയാൻ കഴിഞ്ഞിട്ടില്ലാത്ത വല്ല സംബന്ധവും വിഡ്ഢിത്തങ്ങൾ തട്ടിവിടുന്നതിലാണു് അവരുടെ പ്രാമാണികത്വവും പ്രശസ്തിയും കൂടുതൽ സ്ഥിതിചെയ്യുന്നതെന്നു ഞാൻ കണ്ടുപിടിച്ചിരിക്കുന്നു.

(തുടരും)

# അമ്മയോടു പരാതി!

(കെ. സുരേന്ദ്രൻ)

അനന്തവിസ്തൃതമായ ഈ ഭൂമണ്ഡലം ഉൾക്കൊള്ളുന്ന ആയിരമായിരം നാടുകളിൽ ഒന്നാണ് കേരളം! നിന്റെ മടിത്തട്ടിൽ ഞാനും വളർന്നു. അങ്ങനെ നീ എന്റെ മാതാവായതു്. ഞാൻ നിന്റെ പുത്രനും. അതിനാൽ, അമ്മേ, എന്റെ ഓരോ വാക്കും മാതൃസ്നേഹം സ്ഫുരിക്കുന്നതാവട്ടെ! ഓരോ ചലനവും മാതൃസ്നേഹത്താൽ പ്രചോദിതമായതാവട്ടെ!

ലക്ഷോപലക്ഷം പേർ നിന്റെ മക്കളായുണ്ടു്.—അതിൽ ഒന്നു മാത്രം ഞാനും. എന്നാലും ഞാൻ കൂടി ഇല്ലെങ്കിൽ, ആ ലക്ഷോപലക്ഷം പൂർണ്ണമാവുകയില്ല . . . അത്യന്തം അഭിമാനിക്കത്തക്ക ഒരു വസ്തുത! ലോകത്തിൽ ഒട്ടാകെ ഇരുനൂറുകോടി ജീവികൾ; അതിൽനിന്നും, നിന്റെ മക്കളിൽ ഒരുവനായി ഞാനും തെരഞ്ഞെടുക്കപ്പെട്ടു! അല്ലെങ്കിൽ—"

അല്ലെങ്കിൽ—? ആ ഇരുനൂറു കോടിയിൽ ഒരുവനായി മറ്റെവിടെയോ ഞാൻ പോയി ജനിച്ചേനെ. അമേരിക്കയിൽ, റഷ്യയിൽ, ജർമ്മനിയിൽ, അല്ലെങ്കിൽ നമ്മുടെ ബംഗാളത്തിൽ തന്നെ. അതോർക്കുമ്പോൾ എന്റെ അകക്കാമ്പിൽ ലേശമായ ഒരഗ്നിസ്പർശം അനുഭവപ്പെടുന്നു.

ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ—അമ്മേ, സ്വച്ഛമണ്ഡലത്തിലെ ശാന്തിപ്പൊലിമയുടെ നിസ്തുലമായി പ്രകാശിച്ചിരുന്ന എന്റെ ജീവബിന്ദുവിനെ, സ്വന്തം ഉദരത്തിലേക്ക ആകർഷിച്ചതെന്തു—പ്രത്യേകമായി എന്നെത്തന്നെ കൂടിയാണോ? പുത്രന്മാരുടെ എണ്ണം വെറുതെ അങ്ങനെ വർദ്ധിപ്പിക്കാൻ വേണ്ടിയോ? അഥവാ, എന്നോടു തോന്നിയ വാത്സല്യം, എന്റെ സുഖം—ഇവ ലക്ഷ്യമാക്കിക്കൊണ്ടോ? ആയിരിക്കാം.

എന്റെ സുഖം? അയ്യോ, അപ്പോൾ നീ ഇതൊന്നും കാണുന്നില്ലേ? അവശതയിൽ തങ്ങിനിന്ന എന്റെ പ്രാണനു് ഉടൽ നൽകിയതു്—ഈ ദുഃഖം ഭുജിക്കുന്നതിനു വേണ്ടിയോ? സംശയങ്ങൾ പലതും ഒന്നിനു പുറകെ ഒന്നായി മനസ്സിൽ മുളച്ചുപൊങ്ങുന്നു. ഇതൊക്കെ ഞാൻ നിന്നോടു പറയട്ടെ!

സന്താനങ്ങൾ നിനക്കു് ഒട്ടേറെ—പ്രഭുക്കന്മാർ, സമ്പന്നന്മാർ, കച്ചവടക്കാർ, കലാകാരന്മാർ, ആചാര്യന്മാർ, സേവകന്മാർ—എന്നിങ്ങനെ അങ്ങനെ, പല ജനങ്ങളായി. ഇതൊന്നുമല്ലാതെയും കുറേപ്പേർ ഉണ്ടു്. കുറെയല്ല, വാസ്തവം പറഞ്ഞാൽ അവരാണു് കൂടുതൽ. ആ കൂട്ടത്തിലാണു് ഞാനും നിൽക്കുന്നതു്.

ആദ്യം പറഞ്ഞവർ ഭാഗ്യവാന്മാരാണു്. പ്രധാനമായും രണ്ടു ജോലികൾ മാത്രം ചെയ്താൽ മതി. ഒന്നു് ആഹാരം കഴിക്കുക. രണ്ടു് അതു ദഹിപ്പിക്കുക. ഇല്ല, ഒന്നുകൂടി. ഞങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ഞങ്ങളോടു പ്രസംഗിക്കുക.

ആ പ്രസംഗം വളരെ ആവശ്യവുമാണു്. കാരണം, ഞങ്ങൾ ഒന്നു തിരിഞ്ഞാൽ ശാപ്പാടിന്റെ കാര്യം പൂജ്യത്തിലാവും. അതു മാത്രമോ? കിടക്കുവാൻ വീടു്, ഉടുക്കുവാൻ മുണ്ടു്—എന്തിനു്, ജോലികൾ അധികവും, എന്നല്ല മുഴുവൻ തന്നെയും ഞങ്ങളാണു് ചെയ്യുന്നതു്. പിന്നെ അവരുടെ ജോലിയോ? അതു ഞാൻ ആദ്യമേ പറഞ്ഞതാണല്ലോ. എല്ലാംകൊണ്ടും അവർ ഭാഗ്യവാന്മാരാണു്!

ഞങ്ങളോ? ഞങ്ങളുടെ അവസ്ഥ നീ കാണുന്നുണ്ടല്ലോ.

മക്കൾ മുഴുവൻ രാപകലില്ലാതെ പണിയെടുക്കുക, ഏതാനും പേർ മാത്രം അടുത്തിരുന്നു സ്വത്തും മുഴുവൻ ഊറ്റിക്കുടിക്കുക. ഇതു് അമ്മമാർക്കു സഹിക്കാവതാണോ?

പണിസ്ഥലത്തു് നിന്നും, വിശപ്പുമൂലം വല്ലാതെ തളർന്നുകൊണ്ടു ഞങ്ങൾ വന്നു നിൽക്കുന്നു. അമ്മേ! വിശപ്പിനു് ആഹാരം തരിക. വിശപ്പിനു് ആഹാരം തരിക.

വിശപ്പു്! കുറെ നാളായി ഇതല്ലാതെ മറ്റൊരു വിചാരമില്ല. വിശപ്പു്! വിശപ്പു്! വിശപ്പു്! ആ ശബ്ദം തന്നെ ആർക്കും രസിക്കുന്നതല്ല. പക്ഷേ, എന്തു ചെയ്യട്ടെ! ആമാശയം സ്വസ്ഥത തരുന്നില്ല. അതു മാന്യതയുടെ ചട്ടവട്ടങ്ങൾ ചെവിക്കൊള്ളുന്നില്ല. എന്നല്ല, പിറവിയിൽ ഉണ്ടായിരുന്ന ഗുണങ്ങൾ കൂടി അതു തട്ടിപ്പറിച്ചെടുക്കുന്നു; സകലതിനും എതിരായി ഞങ്ങളെ ഇളക്കിവിടുന്നു; എന്നല്ല മാതൃഭർത്സനത്തിനുപോലും പ്രേരണ നൽകുന്നു.

മാതൃഭർത്സനം! അല്ലെങ്കിൽ ഞങ്ങൾ ഭർത്സിച്ചാൽ തന്നെ എന്തു്? നിന്റെ മക്കൾ, കവികൾ, കേരളഗാനഗായകന്മാർ ഉണ്ടല്ലോ. പുകഴ്ത്തിപ്പാടുവാൻ:—പൂനിലാവു പൊഴിയുന്ന

# സോവിയറ്റ് യൂണിയനിലെ തെരഞ്ഞെടുപ്പ്

(പി. ഭാസ്കരൻ നായർ ബി. എ.)

തെരഞ്ഞെടുപ്പിന്റെ ശബ്ദകോലാഹലം ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ ഇപ്പോൾ അലയടിക്കുന്ന കാലമാണല്ലോ. സോവിയറ്റ് യൂണിയനിലെ കേന്ദ്രനിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പും ആസന്നമായിരിക്കുകയാണ്. അതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. 1946 ഫെബ്രുവരി 10-ാം നു- അവിടെ തെരഞ്ഞെടുപ്പ് നടക്കുന്നതാണ്.

സോവിയറ്റ് യൂണിയനിൽ സ്വതന്ത്രമായ തെരഞ്ഞെടുപ്പ് നടക്കാറുണ്ടോ? അവിടെ സ്വേച്ഛാഭരണമല്ലാതെ ജനാധിപത്യം ആദരിക്കപ്പെടുന്നുണ്ടോ? സ്റ്റാലിൻ കേവലം ഒരു ഡിക്റ്റേറ്റർ (സ്വേച്ഛാപ്രഭു) അല്ലേ? അല്ലെങ്കിൽ എങ്ങിനെ പിന്തുടർച്ചാവകാശിയായി ഒരാളെ അദ്ദേഹം നിർദ്ദേശിക്കും? ഇങ്ങനെ നിരവധി സംശയങ്ങൾ അഭ്യസ്തവിദ്യരിൽനിന്നു പോലും കേൾക്കാറുണ്ട്.

സോവിയറ്റ് ജനങ്ങൾക്കു അവരുടെ ആരാധ്യനായകനായ സ്റ്റാലിന്റെ ആരോഗ്യത്തെപ്പറ്റിയുള്ളതിനേക്കാൾ കൂടുതൽ ഉൽക്കണ്ഠ അമേരിക്കർക്കും ഇംഗ്ലീഷുകാർക്കും ഈയിടെ കാണാറുണ്ട്. അവരുടെ വാർത്താവിതരണ ഏജൻസികൾ ഒന്നിൽ കൂടുതൽ പ്രാവശ്യം സ്റ്റാലിനെ കൊന്നുനോക്കി. അതു വ്യർത്ഥമായപ്പോൾ പ്രചരിപ്പിച്ച മറ്റൊരു കള്ളമാണ് പിൻഗാമിയായി ഒരാളെ സ്റ്റാലിൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന്. ഇങ്ങനെയുള്ള വാർത്തകൾ ലോകത്തെ ധരിപ്പിക്കാൻ പാടുപെടുന്ന ഇക്കൂട്ടർ സോവിയറ്റ് യൂണിയൻ പ്രജാധിപത്യതത്വങ്ങൾ അംഗീകരിച്ചിട്ടുള്ള ഭരണസമ്പ്രദായം പാലിക്കുന്നുണ്ടെന്നുള്ള പരമാർത്ഥം ഒരിക്കലും ഓർമ്മിക്കാറില്ല. നമ്മുടെ നാട്ടുകാർ റോയിട്ടർ മുതലായ വാർത്താവിതരണ ഏജൻസികൾ പറയുന്നതെല്ലാം സത്യമാണെന്നു കണ്ണടച്ചു വിശ്വസിക്കാൻ പഠിച്ചിട്ടുണ്ട്. പോരെങ്കിൽ, സോവിയറ്റു റ

---

നാടേ! നദികൾ ഒഴുകുന്ന നാടേ! മയിലുകൾ ആടുന്ന നാടേ!. . . എന്തു നാണക്കേടാണിത്? മറ്റെങ്ങുമില്ലാത്ത പ്രത്യേകതകൾ! സ്വയം അഭിമാനിക്കത്തക്ക സിദ്ധികൾ! കഷ്ടം! സ്വന്തമായി പറയുവാൻ ഒന്നുമില്ല; ഇല്ലായ്മ പരിഹരിക്കുവാനുള്ള സന്നദ്ധതയുമില്ല. പകരം നാണക്കേടിന്റെ കാറ്റൂതി വിലയില്ലാത്ത, ദേശാഭിമാനക്കുമിളകൾ കാറ്റിൽ പറപ്പിക്കുക! ആന പറക്കുന്ന നാടേ!...മയിൽ ചിരിക്കുന്ന നാടേ! ഉമക്ക പാടുന്ന നാടേ!. . . കഷ്ടം ഇവിടെ കാണാത്തതോ ദർശാഭിമാനം?

കവിയല്ലാത്ത സ്ഥിതിക്കു ഞാനും എന്തിനു കള്ളം പറയണം? നീ നോക്കു. അന്ധത, അടിമത്വം, ചൂഷണം ഇവയുടെ ഒരു മൂന്നു നിലക്കോട്ട എന്റെ വഴിയിൽ നിൽക്കുന്നതു കാണുന്നില്ലേ—മാനസികവും കായികവുമായ എന്റെ വളർച്ചയെ നിരോധിച്ചുകൊണ്ട്? ആത്മവിശ്വാസം വ്യക്തിശക്തിയും നശിച്ചു—ഇല്ല. ഞാൻ ഒന്നും ആവർത്തിക്കുന്നില്ല.

എന്നാലും ഒന്നുകൂടി പറയുന്നു.—

ഞങ്ങളുടെ അമ്മേ! എന്റെ ആത്മശക്തിയുടെ ബന്ധനം ഇനിയും അഴിച്ചുവിടുകയില്ലേ? താൽപര്യരഹിതമായ ഈ ഭാവം ഇനിയും വലിച്ചു എറിയുകയില്ലേ? കാണാം, കാണാം; ഹൃദയത്തിൽ ആകർഷണത്തിന്റെ അഗ്നി പുകയുന്നു അൽപം കൂടി വായു ലഭിക്കാൻ, അൽപം കൂടി അഗ്നി കത്തി എരിയുവാൻ, കാത്തിരിക്കുകയാണ് ഞങ്ങൾ. പിന്നീട്, സ്വയം വെന്തെരിഞ്ഞാലും വേണ്ടുകില്ല, നിന്റെ കുന്തൽക്കെട്ടിന്, ഞങ്ങൾ തീകൊളുത്തും. നിശ്ചയം. ഞങ്ങളുടെ മുത്തച്ഛനില്ലേ, ഭൃഗുരാമൻ? അദ്ദേഹം ഇതിനു സാക്ഷി.

* * *

ആ പാവകോത്സവത്തിന്റെ മുഹൂർത്തം അടുക്കുന്നു. കേൾക്കുന്നില്ലേ, തീയിലാവുന്ന സംഗ്രാമഗീതങ്ങൾ? ജവഹരിയുടെ പണ്ടാരോ, "ദീപകരാഗം" പാടി നമ്മെ എരിച്ചപ്പോൾ! ഈ ദീപകം നമ്മെയല്ല മലകൾ കൂടി എരിക്കുന്നതാണ്. കാണുന്നില്ലേ മലയാചലൻ, വഴി വഴക്കുന്നതു? ആ പാവകോത്സവത്തിന്റെ മുഹൂർത്തം അടുക്കുന്നു. കൊടുങ്കാറ്റേ! നീ വീശിയടിക്കുക! ചെങ്ങാതികളെ! ഒത്തുകൂടുക; ആ മുഹൂർത്തം അടുക്കുന്നു!

...—

ഷ്യയിൽ സ്വേച്ഛാഭരണമെ ഉള്ളുവെന്ന ദൃഢമായ മുൻവിധി അവരുടെ അഭിപ്രായത്തിൽ ഉറച്ചിട്ടുണ്ടു്. ഒരു കൂട്ടർ അവരുടെ പുരോഹിതന്മാരിൽ നിന്നു കിട്ടിയ ഉപദേശമനുസരിച്ചു് സോവിയറ്റു് റഷ്യയെപ്പറ്റി ഏറ്റവും അന്ധമായ വിരോധം പുലർത്തുന്നു. അവിടത്തെ കാര്യങ്ങളെപ്പറ്റി വായിക്കുകയോ ചർച്ച ചെയ്യുകയോ അരുതെന്നു് ബുദ്ധിയുള്ള പുരോഹിതവർഗ്ഗം അവരുടെ അനുയായികളെ ഗുണദോഷിക്കാറുമുണ്ടു്.

തെറ്റിദ്ധാരണകളുടെ മറ നീക്കി നമുക്കൊട്ടൊന്നു നോക്കാം

സുപ്രീം സോവിയറ്റിലേ(കേന്ദ്രനിയമസഭ)ക്കുള്ള തെരഞ്ഞെടുപ്പു് നടത്താനുള്ള നിബന്ധനകൾ 1945 ഒക്ടോബർ 1—ാംനു- സോവിയറ്റു് യൂണിയനിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. സാർവ്വജനീനമായ പ്രായപൂർത്തിവോട്ടവകാശം സോവിയറ്റു് യൂണിയനിൽ നിലവിലുണ്ടു്. 18 വയസ്സു പൂർത്തിയായ സോവിയറ്റുയൂണിയനിലെ ഏതൊരു സ്ത്രീക്കും പുരുഷനും മതം, രാഷ്ട്രം, വിദ്യാഭ്യാസം, ധനസ്ഥിതി, സാമൂഹ്യനില, വർഗ്ഗം, മുൻകാലത്തെ പ്രവർത്തനങ്ങൾ, താമസസ്ഥലം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഭേദബുദ്ധിയോ വിവേചനമോ കൂടാതെ സോവിയറ്റു് നാട്ടിൽ വോട്ടർ ആകുവാൻ അർഹതയുണ്ടു്. സ്ഥിരബുദ്ധിയില്ലാത്തവരെയും, ഒരു കോടതിയുടെ ശിക്ഷാവിധി അനുസരിച്ചു സമ്മതിദാനാവകാശം നഷ്ടപ്പെട്ടിട്ടുള്ളവരേയും സമ്മതിദായകരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയില്ല. അവരുടെ അയോഗ്യത താൽക്കാലികം മാത്രമാണു്. ചിത്തഭ്രമം സുഖപ്പെട്ടാൽ അയാൾക്കും ശിക്ഷയുടെ കാലാവധി കഴിഞ്ഞാൽ കുറ്റവാളി ആയിരുന്ന ആൾക്കും വോട്ടുചെയ്യാനുള്ള അവകാശം തിരിച്ചു ലഭിക്കുന്നതാണു്. സമ്മതിദാനാവകാശം നഷ്ടപ്പെടുന്ന സോവിയറ്റു് പൗരന്മാർ വളരെ കുറവാണെന്നു് പറയേണ്ടതില്ലല്ലോ.

ഇരുപത്തിമൂന്നു വയസ്സു് പ്രായമായ ഏതൊരു സോവിയറ്റു് പൗരനും പുരന്ധ്രിക്കും സുപ്രീംസോവിയറ്റിലെ ഒരു ഡെപ്യൂട്ടി (പ്രതിനിധി) ആയി തിരഞ്ഞെടുക്കപ്പെടുവാൻ അവകാശമുണ്ടു്.

കേന്ദ്രനിയമസഭാംഗങ്ങളെ സോവിയറ്റു് ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുകയാണു്.

എല്ലാ വോട്ടർമാരും പങ്കെടുക്കത്തക്കവിധം സർവ്വജനങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ തിരഞ്ഞെടുപ്പു സംവിധാനം ചെയ്യപ്പെടുന്നു. സോവിയറ്റുകളാണു് ഇതെല്ലാം നിർവ്വഹിക്കുന്നതു്.

തിരഞ്ഞെടുപ്പിനു ഒരു മാസത്തിനു മുൻപെങ്കിലും ഓരോ സോവിയറ്റും അതാതിന്റെ അതിർത്തിക്കുള്ളിൽ ഉള്ള വോട്ടർമാരുടെ പൂർണ്ണമായ ഒരു പട്ടിക പൊതുജനങ്ങളുടെ പരിശോധനക്കു വിധേയമാകത്തക്ക രീതിയിൽ പ്രസിദ്ധീകരിക്കേണ്ടതാണു്. പട്ടികയിൽ വിട്ടുപോയവരുടെ പേരു് ചേർക്കുന്നതിനോ അനർഹമായി ചേർത്തിട്ടുള്ള പേരു നീക്കം ചെയ്യുന്നതിനോ അപേക്ഷയോ ആക്ഷേപമോ പ്രാദേശിക സോവിയറ്റിൽ ബോധിപ്പിക്കണം. സോവിയറ്റിന്റെ തീരുമാനം തൃപ്തികരമല്ലെങ്കിൽ നീതിന്യായകോടതിയിൽ അപ്പീൽ കൊടുക്കാം. അവിടെ പരസ്യമായി വിചാരണ ചെയ്തു ആക്ഷേപകന്റെ സാന്നിദ്ധ്യത്തിൽ വിധി നൽകുന്നതാണു്.

സമ്മതിദായക പട്ടിക പ്രസിദ്ധപ്പെടുത്തിയശേഷം ഒരു വോട്ടർ അയാളുടെ താമസസ്ഥലം മാറി മറ്റൊരു നിയോജകമണ്ഡലത്തിൽ താമസം ഉറപ്പിക്കുകയോ, തിരഞ്ഞെടുപ്പു് ദിവസം സഞ്ചരിക്കുകയോ ആണെങ്കിലും അയാളുടെ സമ്മതിദാനാവകാശം നഷ്ടപ്പെടുകയില്ല. അയാൾ യാത്ര പുറപ്പെടുന്നതിനോ താമസസ്ഥലം മാറുന്നതിനോ മുൻപു് ഏതു സോവിയറ്റു് അതിർത്തിയിൽ വോട്ടർ ആയിരുന്നോ അവിടെ നിന്നു അയാൾക്കു വോട്ടവകാശമുണ്ടെന്നും, തിരഞ്ഞെടുപ്പിനു് അവിടെ ഉണ്ടായിരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ വോട്ടേഴ്സ് ലിസ്റ്റിൽ നിന്നു അയാളുടെ പേരു് നീക്കം ചെയ്തിട്ടുണ്ടെന്നും ഒരു തെളിവു രേഖ ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പു ദിവസം അയാൾ എവിടെയാണെങ്കിലും അവിടെ വോട്ടുചെയ്യാൻ സാദ്ധ്യമാണു്. ഒരാൾ രണ്ടു നിയോജകമണ്ഡലങ്ങളിൽ വോട്ടു ചെയ്യരുതു് എന്നുള്ള നിബന്ധനയാണു് ഈ ഏർപ്പാടിനു് കാരണം. യാത്ര ചെയ്യുമ്പോൾ തീവണ്ടിയിലോ ബോട്ടിലോ കപ്പലിലോ ആണെങ്കിൽ അവിടെ വോട്ടുചെയ്യാൻ സൗകര്യമുണ്ടായിരിക്കും.

ജനങ്ങളുടെ സൗകര്യത്തെ മുൻനിർത്തിയാണു് വോട്ടു രേഖപ്പെടുത്താനുള്ള പോളിംഗ് സ്റ്റേഷനുകൾ നിശ്ചയിക്കുന്നതു്. വലിയ ഗ്രാമങ്ങളിലും നഗരങ്ങളിലും ഏകദേശം 1500 മുതൽ 3000 വരെ വോട്ടർമാർക്കു ഒരു പോളിംഗ് സ്ഥലം എന്ന തോതിൽ തിരഞ്ഞെടുപ്പുകേന്ദ്രങ്ങൾ നാട്ടിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കുന്നു. ഒരു തെരുവിൽ അങ്ങിനെ ഒരു പോളിം

ഗ് സ്ഥലമെങ്കിലും നഗരത്തിലുണ്ടായിരിക്കും. അഞ്ഞൂറും, ചിലപ്പോൾ മുന്നൂറും ആളുകൾ മാത്രം അധിവസിക്കുന്ന ഗ്രാമം തോറും പോളിംഗ് സ്ഥലം സ്ഥാപിക്കും. ജനസംഖ്യകുറവുള്ള പ്രദേശങ്ങളിൽ നൂറുപേർക്ക് ഒന്നും, മലനാടുകളിലും മറ്റും 50 ആളുകൾക്ക് ഒന്നും എന്നതോതിൽ തിരഞ്ഞെടുപ്പുകേന്ദ്രങ്ങൾ അനുവദിക്കപ്പെടുന്നു. ഏറ്റവും കൂടുതൽ ജനങ്ങൾ അവരുടെ അഭിപ്രായപ്രകടനത്തിനായി തിരഞ്ഞെടുപ്പ് ഉപയോഗപ്പെടുത്തുന്നതിനു വേണ്ടിയത്രെ ഇത്ര വിപുലമായ സജ്ജീകരണങ്ങൾ അവിടെ ചെയ്യുന്നതു്.

സാംക്രമികരോഗികൾക്കുള്ള വാർഡുകളിലൊഴിച്ചു് ആശുപത്രികളിലും, സുഖവാസസ്ഥാനങ്ങളിലും, ആതുരശാലകളിലും, നാലുമണിക്കൂറിൽ കൂടുതൽ തുടർച്ചയായി സഞ്ചരിക്കുന്ന കപ്പലിലും തീവണ്ടിയിലും എല്ലാം വോട്ടു് രേഖപ്പെടുത്തി നിക്ഷേപിക്കാനുള്ള ബാലറ്റ് പെട്ടിയും തിരഞ്ഞെടുപ്പിനു ആവശ്യമായ മറ്റു സജ്ജീകരണങ്ങളും ഉണ്ടായിരിക്കും. പൗരാവലിക്കു മുഴുവൻ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനു സൗകര്യപ്പെടുവാനായി എല്ലാവർക്കും അവധിദിവസമായ ഞായറാഴ്ചയാണു് തിരഞ്ഞെടുപ്പുനടത്തുന്നതു്. 1987-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ 97 ശതമാനം വോട്ടർമാർ വോട്ടുചെയ്തെന്നുള്ളതു് പ്രസ്താവ്യമാണു്.

സോവിയറ്റ്നാട്ടിലെ സുപ്രീം സോവിയറ്റ് ദ്വിമണ്ഡലസഭയാണു്. യൂണിയന്റെ സോവിയറ്റു് Soviet of Union, ജനതയുടെ സോവിയറ്റു് Soviet of Nationalities എന്നിവയാണു് ആ രണ്ടുമണ്ഡലങ്ങൾ. സോവിയറ്റ്ജനങ്ങളിൽ മൂന്നുലക്ഷംപേർക്കു് ഒരു പ്രതിനിധിവീതമാണു് യൂണിയന്റെ സോവിയറ്റിലേക്കു തിരഞ്ഞെടുക്കപ്പെടുന്നതു്. സോവിയറ്റ് യൂണിയൻ സ്വാതന്ത്ര്യഘടകങ്ങളായ 16 സോവിയറ്റ് റിപ്പബ്ലിക്കുകളുടെ കൂട്ടുകുടുംബമാണല്ലോ. ഈ റിപ്പബ്ലിക്കുകളിൽ മതം, ഭാഷ, സംസ്കാരം, വസ്ത്രധാരണം, സാമുദായികാചാരങ്ങൾ എന്നിവ അത്യന്തവിഭിന്നമായ പല ജനതയുണ്ടു്. ഈ ജനതകൾക്കു് അവരവരുടെ വികാസത്തിനും വളർച്ചയ്ക്കുമായി അവരുടെ താൽപര്യങ്ങൾ പ്രതിനിധീകരിക്കുന്നതിനുള്ളതാണു് ജനതകളുടെ സോവിയറ്റു്. ഓരോ റിപ്പബ്ലിക്കുകളേയും ജനസംഖ്യാനുപാതികമായി തുല്യനിയോജകമണ്ഡലങ്ങളായി വിഭജിച്ചു് വോട്ടിങ്ങ് നടത്തുന്നു.

ഓരോ നിയോജകമണ്ഡലത്തിൽ നിന്നു് ഭൂരിപക്ഷം വോട്ടു കിട്ടുന്നതനുസരിച്ചു് ഓരോ പ്രതിനിധിയെ വീതം തിരഞ്ഞെടുക്കുന്നു. തുല്യ വോട്ടുകൾ സ്ഥാനാർത്ഥികൾക്കു കിട്ടുകയാണെങ്കിൽ വീണ്ടും തിരഞ്ഞെടുപ്പു നടത്തേണ്ടിവരും.

വോട്ടിങ്ങ്‌വ്യവസ്ഥ രഹസ്യമാണു്. ആരു്, ആരെ വോട്ടുചെയ്യുന്നു് അറിയുവാൻ മാർഗ്ഗമില്ല. ബാലറ്റ്‌പേപ്പറിൽ വോട്ടർ രഹസ്യസ്ഥാനത്തിരുന്നു് വോട്ടു് രേഖപ്പെടുത്തി ബാലറ്റ്‌പെട്ടിയിൽ ഇടുന്നു. എഴുത്തു് അറിയാത്തയാളോ—അന്ധരക്കാർ അവിടെ വളരെ കുറവാണു്—എഴുതാൻ കായികശേഷി നശിച്ച ആളോ, വോട്ടു രേഖപ്പെടുത്താനായി അയാൾക്കു് ഏറ്റവും വിശ്വസ്തനായ ഒരാളെക്കൊണ്ടു് ആവശ്യമായതു് മറ്റാരും അറിയാതെ രേഖപ്പെടുത്തി വോട്ടുചെയ്യുന്നു. ബഹുജനസംഘടനകൾ, പൊതുസ്ഥാപനങ്ങൾ തൊഴിലാളിസംഘങ്ങൾ മുതലായവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്ന തെരഞ്ഞെടുപ്പുകമ്മറ്റികളുടെ മേൽനോട്ടത്തിലാണു തെരഞ്ഞെടുപ്പു നടക്കുന്നതു്.

സോവിയറ്റ്തെരഞ്ഞെടുപ്പിന്റെ ഏററവും പ്രധാനമായ വസ്തുത ഇതൊന്നുമല്ല. തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി ജനഹിതത്തിനു് എതിരായി പ്രവർത്തിച്ചാൽ അയാളെ തിരിച്ചുവിളിക്കാൻ, അവരുടെ പ്രതിനിധി അല്ലാതാക്കിത്തീർക്കാൻ, സോവിയറ്റുവോട്ടർമാർക്കു് അധികാരമുണ്ടു്. പ്രജാധിപത്യത്തിന്റെ കുത്തക ഏറെറടുത്തിട്ടുള്ള ബ്രിട്ടനിലോ അമേരിക്കയിലോ വോട്ടർമാർക്കു് ഈ അധികാരമില്ല. ജനങ്ങൾ ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നു. അയാൾ നിയമസഭാംഗമായി പ്രഖ്യാപിക്കപ്പെടുന്ന നിമിഷം മുതൽ സർവസ്വതന്ത്രനായി. അയാൾക്കു ജനങ്ങളോടു വേണമെങ്കിൽ ഉത്തരവാദിത്വം പാലിച്ചാൽ മതി. വോട്ടർമാർക്കു് അയാളെ ഒന്നും ചെയ്യാൻ സാധ്യമല്ല. അതുകൊണ്ടാണു് ഒരു പാർട്ടിയുടെ പ്രതിനിധി ആയി തെരഞ്ഞെടുക്കപ്പെടുന്ന ആൾ നിയമസഭയിൽ ചെന്നു കാലുമാറി മറെറാരു പാർട്ടിയിൽ ചേരുകയും അയാൾക്കു തോന്നിയപോലെ അഭിപ്രായം മാറുകയും ചെയ്യുന്നതു്. സോവിയറ്റുയൂണിയനിലെ ജനപ്രതിനിധി ആ[illegible] നിരുത്തരവാദിയാകയില്ല. അങ്ങനെ യഥാർത്ഥജനാധിപത്യപരമായ ഈ അധിഷ്ഠാനത്തിലാണു് സോവിയറ്റുയൂണിയനിലെ പൊതുതെരഞ്ഞെടുപ്പുനടത്തപ്പെടുന്നതു്.

ചെറുകഥ

# കണ്ണുനീർ

(മിസ്സിസ് സലോമി ജോസപ്പ് ബി. എ; ബോംബെ)

"എന്നാൽ നമുക്ക് ആ കാര്യം അങ്ങിനെ ഉറപ്പിക്കയല്ലേ? നീ എന്തു പറയുന്നു?" — ചാക്കോച്ചൻ പത്നിയോടു ചോദിച്ചു. ഏലിയാമ്മ ഒന്നും പറഞ്ഞില്ല.

"എന്താ മിണ്ടാത്തതു്?" ചാക്കോച്ചൻ വീണ്ടും ചോദിച്ചു.

"പെണ്ണു് മോശമാണല്ലോ എന്നോർത്തു് നിന്നതാ".

"അതു് ശരിയാ, നന്നാ കറുത്തിട്ടാണു്. ദേഹവും നല്ലതല്ല. പിന്നെന്താ. നമുക്ക് രൊക്കം കിട്ടുന്ന കാര്യമാ. അല്ലാതെ ചെറുക്കൻ പഠിക്കാൻ പോകുന്നതെങ്ങനാ. നീ പറ. എനിക്കും സൗന്ദര്യം വേണമെന്നില്ലാഞ്ഞിട്ടല്ല."

"എന്റെ മോന്റെ അരികത്തു നിർത്തേണ്ടതല്ലേ? അവന്റെ നിറോം മുഖശ്രീം ഓർക്കുമ്പോ വലിയ ദണ്ണം."

"എല്ലാം ഒത്തുകിട്ടുമോ? അവരു് വലിയ ഗൃഹസ്ഥരാ. പെണ്ണു് ഏകാവകാശിയും."

"നിങ്ങടെ ഒക്കെ ഇഷ്ടം അങ്ങനെയാണെങ്കി പിന്നെ ഇതിലൊക്കെ ഞാനെന്തു പറയാനാ. അങ്ങിനെ തന്നെ നടക്കട്ടെ."

കുഞ്ഞമ്മയുടെ വിധി അങ്ങിനെ നിർണ്ണയിക്കപ്പെട്ടു. അധികം താമസിയാതെ അവൾ ജോർജ്ജുകുട്ടിയുടെ വധുവായി. വധു സൗന്ദര്യവതിയായിരിക്കണമെന്നാണു് സാധാരണ പ്രതീക്ഷ. സുന്ദരനായ ജോർജ്ജുകുട്ടിക്കു് ഒട്ടും ചേർന്ന വധുവല്ല കറുത്തു് മുഖശ്രീ കുറഞ്ഞ കുഞ്ഞമ്മ എന്നു കാണികൾ തീരുമാനിച്ചു. ജോർജ്ജുകുട്ടിയുടെ ബന്ധുക്കളും സുഹൃത്തുക്കളും ദുഃഖിച്ചു.

ശുഭസൂചകമായ വെള്ളം തളിച്ചു സ്വന്തക്കാരെ ഗൃഹത്തിലേക്കു് സ്വീകരിക്കാൻ ഏലിയാമ്മ വാതുക്കൽ നിലകൊണ്ടു. വധുവിനെ ആദ്യമായി ദർശിച്ചപ്പോൾ ഏലിയാമ്മ വല്ലാതെ വ്യഥപ്പെട്ടു. ആ മാതൃഹൃദയം നീറി. തന്റെ ഓമനപ്പുത്രനു് ഭാര്യയായി ലഭിച്ചതു് ഇത്ര അഴകില്ലാത്ത പെണ്ണാണല്ലോ എന്നു് ആ മാതാവു് ദുഃഖിച്ചു. അതു അവനു് മനസ്സില്ലാഞ്ഞിട്ടു അവനെക്കൊണ്ടു് മാതാപിതാക്കന്മാർ നിർബന്ധിച്ചു് ചെയ്യിച്ച വിവാഹവും.

കുഞ്ഞമ്മ ഭർതൃഗൃഹത്തിൽ പ്രവേശിച്ചു. എങ്കിലും ഭർത്താവിന്റെ ഹൃദയത്തിലേക്കു് തനിക്കു പ്രവേശനം ലഭിച്ചില്ലെന്നു മനസ്സിലാക്കുവാൻ അവൾക്കു പ്രയാസമുണ്ടായില്ല. അവളുടെ സൗന്ദര്യക്കുറവിനെക്കുറിച്ചു് അവൾ ഹാർദ്ദമായി ദുഃഖിച്ചു. ജോർജ്ജുകുട്ടിയുടെ സഹോദരികളാകട്ടെ സൗന്ദര്യവതികളായിരുന്നു. അവരുടെ ഇടയിൽ കുഞ്ഞമ്മയുടെ കാന്തികുറഞ്ഞ ദേഹവും, ശോഭയില്ലാത്ത മുഖവും കൂടുതൽ വിരൂപമായി അവൾക്കുതന്നെ ബോധപ്പെട്ടു. അവളുടെ നിർഭാഗ്യത്തെക്കുറിച്ചു അവൾ കൂടുതൽ വ്യസനിച്ചു. തന്റെ പിതാവിന്റെ ധനത്തെയാണു് തന്നെയല്ലോ, വരൻ കാംക്ഷിച്ചതെന്നു് അവൾക്കു നല്ലപോലെ മനസ്സിലായി.

ജോർജ്ജുകുട്ടിയുടെ ബന്ധുക്കൾ എല്ലാവരും മാമൂൽപ്രകാരമുള്ള ചടങ്ങുകൾ അനുസരിച്ചു് ജോർജ്ജുകുട്ടിയുടെ ഭാര്യയായി അവളെ സ്വീകരിച്ചു. വധൂവരന്മാരെ അവർ വിരുന്നിനു് ക്ഷണിച്ചു് സൽക്കരിച്ചു. അവരുടെ കുട്ടികൾ അവളെ ക്രമാനുസരണം കൊച്ചമ്മയെന്നും അമ്മായിയെന്നും സംബോധന ചെയ്കയും ചെയ്തു.

ജോർജ്ജുകുട്ടിയാകട്ടെ ഭാര്യയോടു് എങ്ങിനെ വർത്തിക്കേണ്ടു എന്നറിയാതെ കുഴങ്ങി. അവനു് അവളോടു് ഒട്ടും തന്നെ പ്രേമം തോന്നിയില്ല. എന്നുതന്നെയല്ല അവളുടെ മുഖത്തു് നോക്കുന്നതുതന്നെ അവനു് അസഹ്യമായിത്തോന്നി. എങ്കിലും താൻ വിവാഹം കഴിച്ച ഭാര്യയാണല്ലോ അവൾ എന്നു് അവന്റെ അന്തഃകരണത്തിൽ ഒരു വലിയ പ്രമാദം ബോദ്ധ്യപ്പെട്ടു. അപ്പനമ്മമാരുടെ ഇഷ്ടത്തിനു് വഴങ്ങി വിവാഹം കഴിച്ചതു് അബദ്ധമായി എന്നു് അവനു് ആദ്യം മുതൽക്കേ തോന്നി.

അവൾ അവനു കാപ്പിയും മറ്റും കൊണ്ടുപോയി കൊടുക്കുമ്പോൾ അവൻ അതു വാങ്ങി കഴിക്കും. അവളോടു് എന്തു പറയേണ്ടു എന്നവൻ ആലോചിക്കും. വാക്കുകൾ കിട്ടാതെ അവൻ മൂകനായിരിക്കും.

ജോർജ്ജുകുട്ടി സഹോദരിമാരോടു് സംസാരിക്കുന്നതും അവരോടുകൂടി സന്തോഷിച്ചു ചിരിക്കുന്നതും കുഞ്ഞമ്മ അടുക്കളയിൽ ഇരുന്നു് കേൾക്കാറുണ്ടു്. അവന്റെ ചിരിയുടെ ശബ്ദം അവളെ കോൾമയിർ കൊള്ളിക്കും. എന്നാൽ അവളോടു് ഒന്നും സംസാരിക്കുന്നില്ലല്ലോ! അവൾ അടുക്കള അടച്ചു ശയനമുറിയിൽ പ്രവേശിക്ക

മ്പോഴേക്കും ജോർജ്ജുകുട്ടി കട്ടിലിൽ കിടന്നു ഉറങ്ങിക്കഴിഞ്ഞിരിക്കും. അവൾ ഒരു പായ് നിവർത്തി നിലത്തു കിടന്നുറങ്ങും. ഒരു ദിവസം അവൾ ക്ലേശഭാരത്താൽ കിടന്നു തേങ്ങിത്തേങ്ങി കരഞ്ഞു. ജോർജ്ജുകുട്ടി പെട്ടെന്നുണർന്നു. അവൾ കരയുന്നതെന്തിനാണെന്നു അവനു മനസ്സിലായില്ല.

"എന്താ, സുഖമില്ലേ, എന്തിനാ കരയുന്നതു്"?–അവൻ അനുകമ്പാപൂർവം ചോദിച്ചു.

"എനിക്ക് എന്തു സുഖമാണു്"!–അവൾ തേങ്ങി തേങ്ങി പറഞ്ഞു.

"പറയൂ. എന്തിനാ നീ കരയുന്നതു്? നിനക്കെന്തു വേണം"––ജോർജ്ജുകുട്ടി വീണ്ടും ചോദിച്ചു. കുഞ്ഞമ്മ എന്തു പറയണമെന്നറിഞ്ഞില്ല.

"എന്നെ സ്നേഹിക്കൂ" എന്നവൾ എങ്ങിനെ പറയും. പറഞ്ഞാൽ തന്നെ എന്തു പ്രയോജനം.

"എനിക്കെന്റെ വീട്ടിൽ പോണം" അവൾ ഇത്രയും പറഞ്ഞു.

"അതെങ്ങിനെ സാധിക്കും. ഇപ്പോൾ ഇതല്ലേ നിന്റെ വീടു്.?"

"ഇവിടെ–ആർക്കും–എന്നെ–സ്നേ–ഹ–മില്ല" അവൾ ഒരു വിധം പറഞ്ഞൊപ്പിച്ചു. അവൾ കൂടുതൽ ആവേശത്തോടെ തേങ്ങിക്കരഞ്ഞു.

ജോർജ്ജുകുട്ടി മൗനമായിരുന്നു. അവൻ എന്തു പറയും. അവൾ അവനെ കുറ്റപ്പെടുത്തിയതാണതു്. അവളുടെ നേരെ വലിയോരപരാധമാണു് അവളെ സ്നേഹിക്കാത്തതുമൂലം അവൻ ചെയ്യുന്നതു് എന്നവനു് ബോധപ്പെട്ടു. ഇതികർത്തവ്യതാമൂഢനായി അവൻ നിശ്ചേഷ്ടം കിടന്നു. അവനു് ഉറക്കം വന്നില്ല. നിർന്നിദ്രനായി അവൻ ആ രാത്രികഴിച്ചുകൂട്ടി. അവളാകട്ടെ കുറെ കരഞ്ഞശേഷം ക്ഷീണം കൊണ്ടു ഉറങ്ങിപ്പോയി.

കോളെജിലെ പ്രവേശനത്തെപ്പറ്റി തിരക്കാനുണ്ടെന്നു പറഞ്ഞു ജോർജ്ജുകുട്ടി പിറ്റേദിവസം വീട്ടിൽ നിന്നു തിരിച്ചു. പട്ടണത്തിൽ രണ്ടു നാലു് ദിവസത്തെ താമസമുണ്ടാകുമെന്നു അവൻ മാതാപിതാക്കന്മാരോടു പറഞ്ഞു. ഒരാഴ്ച കഴിഞ്ഞിട്ടും അവൻ മടങ്ങി എത്തിയില്ല. പകരം അവന്റെ ഒരെഴുത്തു വന്നു.—

"എത്രയും പ്രിയപ്പെട്ട അപ്പച്ചനോടും അമ്മച്ചിയോടും ഞാൻ ക്ഷമാപണം ചെയ്യുന്നു. കുഞ്ഞമ്മയുടെ പണം കൊണ്ടു ഞാൻ പഠിപ്പു് തുടരുകയില്ല. അതു ഞാൻ അർഹിക്കുന്നില്ല. ഞാൻ അവളെ സ്നേഹിക്കുന്നില്ല. ഞാൻ പട്ടാളത്തിൽ ചേർന്നു കഴിഞ്ഞു. ഈ എഴുത്തുകിട്ടുമ്പോൾ ഞാൻ നിങ്ങളിൽ നിന്നു വളരെ അകലെയായിരിക്കും. എന്റെ കുറ്റം ക്ഷമിക്കണം. കുഞ്ഞമ്മയെ അവളുടെ വീട്ടിലേക്കയക്കണം"

എന്നു നിങ്ങളുടെ വാത്സല്യപുത്രൻ

ജോർജ്ജുകുട്ടി

അതിൽ കുഞ്ഞമ്മയ്ക്കും ഒരെഴുത്തു അടക്കം ചെയ്തിരുന്നു. "ഞാൻ നിന്നോടു വലിയ ഒരപരാധം ചെയ്തു. ഞാൻ പരിപൂർണ്ണമായി ദുഃഖിക്കുന്നു, എന്നോടു ക്ഷമിക്കണം" ഇത്രമാത്രം.

ചാക്കോച്ചൻ എഴുത്തു വായിച്ചു സ്തംഭിച്ചു് ഒരു പ്രതിമയെപ്പോലെ നില കൊണ്ടു. ലോകം പാടെ കീഴ്മേൽ മറിഞ്ഞപോലെ അയാൾക്കു തോന്നി. ഏലിയാമ്മയോടു വിവരം പറഞ്ഞപ്പോൾ ആ സ്ത്രീ മാറത്തടിച്ചു വിലപിക്കുവാൻ തുടങ്ങി. അവളെ സാന്ത്വനപ്പെടുത്താൻ ചാക്കോച്ചൻ വളരെ ക്ലേശിച്ചു. ഏതായാലും കുഞ്ഞമ്മയോടു സംഗതിയൊന്നും പറയേണ്ടതില്ലെന്നു ഇരുവരും തീർച്ചപ്പെടുത്തി. കുഞ്ഞമ്മയെ അവളുടെ വീട്ടിലേക്കു തിരിച്ചയക്കുകയെന്നതു് എത്ര അപമാനകരമായ സംഗതിയാണു്! ജോർജ്ജുകുട്ടിയുടെ മനസ്സുമാറി അവൻ തിരിച്ചു വരാതിരിക്കയില്ല എന്നു് ആ മാതാപിതാക്കന്മാർ വിശ്വസിച്ചു.

ജോർജ്ജുകുട്ടി പട്ടാളത്തിൽ ചേർന്നു എന്നു മാത്രം അവർ കുഞ്ഞമ്മയെ മനസ്സിലാക്കി. അവൾ കണ്ണുനീർ പൊഴിച്ചു. ഏലിയാമ്മ അവളെ സ്നേഹപുരസ്സരം തലോടിക്കൊണ്ടു പറഞ്ഞു.–"എന്റെ മോളു വ്യസനിക്കല്ലേ. അവൻ തിരിച്ചുവരും വേഗം എടക്കെടക്കു് അവൻ എഴുതുകയും ചെയ്യും". പൊതുവായ ദുഃഖം ആ മാതാവിന്റെയും ഭാര്യയുടെയും ഹൃദയങ്ങളെ അടുപ്പിച്ചു

കുഞ്ഞമ്മ കണ്ണുനീർ തൂകി നാളുകൾ കഴിച്ചു. ജോർജ്ജുകുട്ടിയുടെ എഴുത്തുകളെ പ്രതീക്ഷിച്ചും ദിവസങ്ങൾ എണ്ണിയും അവൾ ശോകപൂർണ്ണമായ ഒരു ജീവിതം നയിച്ചു. ഇടക്കിടക്കു ചാക്കോച്ചനു യുദ്ധരംഗത്തുനിന്നു വന്നിരുന്ന എഴുത്തുകളിലെ എത്രയും ഹ്രസ്വമായ വിവരങ്ങൾ ധരിച്ചു് ആശ്വസിച്ചും അവചാതിപ്പെട്ടും ആ മാതാവും ഭാര്യയും ദിവസങ്ങൾ കഴിച്ചുകൂട്ടി. കുഞ്ഞമ്മയ്ക്കു സ്വന്തം വീട്ടിൽ പോകണമെന്ന ആഗ്രഹമേ ഇല്ലാതെയായി. കാരണം ജോർജ്ജുകുട്ടിയുടെ എഴുത്തുകൾ അവിടെ വരികയില്ലല്ലോ. ഇടക്കിടക്കു വന്നിരുന്ന ആ എഴുത്തുകളായിരുന്നു അവളുടെ ജീവിതത്തിനു് അവലംബമായിരുന്നതു്. ജോർജ്ജുകുട്ടി ഒരിക്കലെങ്കിലും അവളുടെ പേർക്കു് ഒരു സ്നേഹസന്ദേശം അയച്ചില്ല. അ[illegible]ക്കുറിച്ചു് അ

നോപേക്ഷിക്കുകപോലും ചെയ്തില്ല. ഈ ചിന്തകൾ അവളുടെ ഹൃദയത്തെ വ്രണപ്പെടുത്തി.

അവൾ നട്ടുനനച്ച പച്ചക്കറിത്തോട്ടവും അവൾ തീറ്റി വളർത്തിയ കോഴികളുമാണ് അവൾക്കു സ്വല്പമെങ്കിലും ആനന്ദം നൽകിയതു്. വെണ്ടയുടെ ഇല കിളിർക്കുന്നതും, മുളകുചെടി മൊട്ടിടുന്നതും നോക്കി അവൾ സംതൃപ്തിയടഞ്ഞു. വിരിഞ്ഞിറങ്ങിയ കുഞ്ഞുങ്ങളുമായി കോഴിപ്പിട നടക്കുന്നതു നോക്കി അവൾ സന്തോഷിച്ചു. എന്നാൽ ഈ സന്തോഷത്തിന്റെ പിറകിൽ എല്ലായ്പോഴും ചൂടുള്ള ഒരു നെടുവീർപ്പുണ്ടായിരുന്നു. ആ ദുർദ്ദിനം അവൾ ഒരിക്കലും മറക്കുകയില്ല. അവൾ അന്നത്തേക്കറിക്കു വേണ്ട പയറിന്റില നുള്ളിക്കൊണ്ടു നിൽക്കുമ്പോഴാണ് ഏലിയാമ്മയുടെ രോദനം കേട്ടതു്. അവൾ വീട്ടിനകത്തേക്കോടി. തലയ്ക്കു കൈകൊടുത്തു ചാക്കോച്ചൻ നിശ്ചേഷ്ടനായിരിക്കുന്നു. ഏലിയാമ്മ ഏങ്ങലടിച്ചു കരയുന്നുണ്ടു്. പരിഭ്രമത്തോടെ കുഞ്ഞമ്മ അവരെ നോക്കി.

"മകളെ, നമ്മുടെ ജോർജ്ജുകുട്ടിക്കു പരുക്കു്"—— ആവേശത്താൽ അതു മുഴുമിക്കുവാൻ ആ മാതാവിനു കഴിഞ്ഞില്ല.

ഭയങ്കരമായ ഇരുട്ടു വ്യാപിക്കുന്നതുപോലെ കുഞ്ഞമ്മയ്ക്കു തോന്നി. അവളുടെ ധാതുക്കൾ ക്ഷയിച്ചു. അവൾക്കു് ഓർമ്മ വന്നപ്പോൾ അവൾ കട്ടിലിൽ കിടക്കുകയാണു്. ഏലിയാമ്മ അവളെ വീശുന്നുണ്ടു്. യാഥാർത്ഥ്യം അവൾക്കോർമ്മ വന്നു. നിശ്ശബ്ദമായി അവൾ അശ്രുക്കൾ പൊഴിച്ചു.

ആ ദുഃഖം സന്താപത്തിന്റെ അഗാധതയിലേക്കു വീണ്ടും അമർന്നു.

ജോർജ്ജുകുട്ടിയെപ്പറ്റിയുള്ള വിവരങ്ങൾ ഇടക്കിടെ വന്നുകൊണ്ടിരുന്നു. അവൻ ക്രമേണ സുഖപ്പെട്ടുവരുന്നു എന്ന ആശ്വാസപ്രദങ്ങളായ കത്തുകളായിരുന്നു അവ. അവന്റെ കാഴ്ചയെപ്പറ്റി മാത്രം ഒന്നും പറയാറായിട്ടില്ലെന്നു് എല്ലാ എഴുത്തിലും സൂചിപ്പിച്ചിരുന്നു.

ആ ഭയങ്കരദിവസങ്ങളും കഴിഞ്ഞുകൂടി. ജോർജ്ജുകുട്ടി തിരിച്ചു വന്നപ്പോൾ അവന്റെ കണ്ണുകളെ മൂടുന്ന ഒരു കറുത്ത കണ്ണാടി ധരിച്ചിരുന്നു. ചാക്കോച്ചൻ മകനെ ആശ്ലേഷിച്ചു സ്വാഗതംചെയ്തു. ഏലിയാമ്മ അവന്റെ മുതുകിൽ കൈവച്ചു തലോടി.

കുഞ്ഞമ്മ ജനലിലൂടെ ഇതെല്ലാം നോക്കി നിന്നു. അശ്രുക്കൾകൊണ്ടു് അവൾക്കൊന്നും കാണാൻ കഴിഞ്ഞില്ല

"മോനെ നീയിങ്ങു വന്നല്ലോ"—ഏലിയാമ്മ പറയുന്നതു് അവൾ കേട്ടു.

ചാക്കോച്ചൻ മകന്റെ കൈ പിടിച്ചു് അവനെ അകത്തേക്കു നയിച്ചു് കട്ടിലിൽ പിടിച്ചിരുത്തി. അകത്തുനിന്നു് ആരോ തേങ്ങിക്കരഞ്ഞു.

"അതാരാ?" ജോർജ്ജുകുട്ടി ചോദിച്ചു.

"കുഞ്ഞമ്മ" ചാക്കോച്ചൻ മന്ത്രിച്ചു. ജോർജ്ജുകുട്ടി ഒന്നു ഞെട്ടി.

"അവൾ ഇവിടെ എങ്ങനെ വന്നു?"

"അവൾ ഇവിടെത്തന്നെയായിരുന്നു മകനെ. അവളെ ഞങ്ങൾ പറഞ്ഞയച്ചില്ല. അവൾ നല്ല കുട്ടിയാണു്."

"പാവം, നിന്നെക്കുറിച്ചവൾ വളരെ ദുഃഖം അനുഭവിച്ചു." ഏലിയാമ്മ പറഞ്ഞു.

"എന്റെ എഴുത്തു് അവൾക്കു കൊടുത്തില്ലേ?"

"ഇല്ല, മകനെ അവളെ വേദനിപ്പിക്കാൻ ഞങ്ങൾക്കു മനസ്സു വന്നില്ല. എല്ലാം ദൈവം ശരിയാക്കുമെന്നു ഞങ്ങൾ വിശ്വസിച്ചു."

ഏലിയാമ്മ പറഞ്ഞു.— "മോനെ, അവൾ നല്ല പെണ്ണാണു്. നിന്നേം ഞങ്ങളേം അവൾ എങ്ങനെ സ്നേഹിക്കുന്നു! മോനെ തൊലിയുടെ അഴകൊന്നും അത്ര കാര്യമല്ല. അഴകു പെരുമാറ്റത്തിലാണു മോനെ."

ജോർജ്ജുകുട്ടി കുറച്ചുനേരം മൗനമായിരുന്നു. എന്തെങ്കിലും പറയുവാൻ അപ്പനും അമ്മയും ഭയപ്പെട്ടു. അതു ഗൗരവമേറിയ ഒരു മൗനമായിരുന്നു അതു്. "അമ്മേ അവളെ വിളിക്കു."

കുഞ്ഞമ്മയുടെ കാൽപെരുമാറ്റം കേട്ടപ്പോൾ ജോർജ്ജുകുട്ടി മുഖമുയർത്തി. അവൻ കൈകൾ മുന്നോട്ടു നീട്ടി. അവൾ ഓടിച്ചെന്നു് അയാളുടെ അരികെ മുട്ടുകുത്തി, ആ കൈകളിൽ അവളുടെ അധരങ്ങൾ അമർത്തി.

"കുഞ്ഞമ്മേ, ഞാൻ നിന്നെ വല്ലാതെ വേദനിപ്പിച്ചു, ഇല്ലേ?" അയാൾ പതറിയ സ്വരത്തിൽ പറഞ്ഞു. "ഇതെന്റെ ശിക്ഷയാണു്. ഇതു ഞാൻ അർഹിക്കുന്നതുതന്നെ." ജോർജ്ജുകുട്ടി ഗദ്ഗദം ഒതുക്കാൻ ശ്രമിച്ചു.

"അയ്യോ, അങ്ങനെ പറയല്ലെ" അവൾ വീണ്ടും അവന്റെ കൈകൾ ചുംബിച്ചു. അശ്രുക്കൾകൊണ്ടു് അവയെ കഴുകി. കാഴ്ചയില്ലാത്ത കണ്ണുകളിൽനിന്നു രണ്ടുതുള്ളി കണ്ണുനീർ അവളുടെ തലയിൽ വീണു.

—o—

# പതിമൂന്നാം പേജ്

(ബാലൻ)

ബാലന്റെ പേനാക്കു് എഴുതാൻ കെൽപ്പും പത്രത്തിനു് പ്രസിദ്ധീകരിക്കാൻ കഴിവുമില്ലാതെപോയ സംഭവങ്ങൾ കോട്ടയം ടൗണിൽ ഉണ്ടായിട്ടുണ്ടു്. പക്ഷെ തിരുവിതാംകൂർ ജനതയുടെ അഭിമാനബോധത്തിന്റെ ഫലമായി ഇല്ലാതിരുന്ന ആ കെൽപ്പും കഴിവും ഇന്നു കൈവന്നിരിക്കുന്നു. കഥയങ്ങു ചുരുക്കിപ്പറയാം.

തിരുവനന്തപുരത്തു ഒരു കൊച്ചുകുട്ടിയോടു കാപ്പിപ്പൊടി വാങ്ങിക്കൊണ്ടുവരാൻ അച്ഛൻ പറഞ്ഞിട്ടു കുട്ടി അനുസരിച്ചില്ലത്രെ. "റോഡിൽക്കൂടി ഒരുതരം ആളുകൾ കൈവീശി നടക്കുന്നുണ്ടെന്നും അതുകൊണ്ടു ഭയമാണെന്നു"മാണു കുട്ടി കാരണം പറഞ്ഞതു്. കുട്ടിയോടു ഈ നുണ പറഞ്ഞുകൊടുത്തതു കോട്ടയത്തിനു പോയിരുന്ന ആരോ ആണത്രെ. കോട്ടയത്തു ഒരു കുട്ടിക്കു ഇങ്ങനെയൊരനുഭവം പററിയിട്ടുണ്ടു്. അതു ശക്തിയായി കൈവീശി നടക്കുന്നതു ഒരു മഹാകവിക്കു യോജിച്ചതല്ലെന്നു അഭിപ്രായപ്പെട്ട ഒരു മുനിസിപ്പൽ കൌൺസിലരുടെ ദേഹത്തും ആ കൈ പത്തുനൂറു പ്രാവശ്യം (പോലീസ് സ്റ്റേഷനകത്തു വച്ചു്) മുട്ടിപ്പോയി. ഇപ്രാവശ്യം കാലുകൾക്കൂടി വീശിയാണു നടന്നതു്.

പക്ഷെ ഒരു തിരുവിതാംകൂർകാരനായി ജനിച്ചതിൽ ബാലനു അഭിമാനം തോന്നുന്നു. ഇരമ്പിക്കയറുന്ന കടലിനെപ്പോലെ അഭിമാനഭരിതരായി മർദ്ദനത്തെ ചെറുക്കാൻ ഉണർന്നെഴുന്നേററ കോട്ടയം പട്ടണവാസികൾക്കു് ബാലന്റെ സാഷ്ടാംഗപ്രണാമം. അവരുടെ സംഘടിതപ്രക്ഷോഭണംകൊണ്ടു മാത്രമാണു ഇന്നു് ഇതെഴുതാൻ ബാലനു കഴിവുണ്ടായതു്.

ഇതൊരു രോഗലക്ഷണം മാത്രമാണു്. രോഗത്തിനു ചികിത്സ വേറെ വേണം.

* * *

ഉത്തരവാദഭരണം. ചില സർവരോഗസംഹാരികൾപോലെ ഇതും പല ഇനത്തിലുണ്ടു്. ഓർച്ചിറയെന്നൊരു രാജ്യത്തു് (ഇതേതു ഓച്ചിറയോ കാരൂർസാറേ) ഉത്തരവാദഭരണം പിൻവലിച്ചെന്നു പത്രത്തിൽ കണ്ടു. അമ്പമ്പടാ ആ കിട്ടിയ ഉത്തരവാദഭരണത്തിന്റെ ശക്തി. ഇതു കേട്ടപ്പോൾ "വഴിതെററി പള്ളിയിൽ കയറിയ" കഥയല്ല ഓർത്തതു്, മറെറാന്നാണു്. [illegible]യിലിരുന്ന പോലീസുകാരൻ പാതിരാത്രിക്കു ചാടിയുണർന്നു മണി അടിക്കാൻ തുടങ്ങി. ഒന്നു്, രണ്ടു,...അങ്ങിനെ പന്ത്രണ്ടു്, പതിമൂന്നു്. ഓ അബദ്ധമായി. പതിമൂന്നു് പണ്ടേ കുഴപ്പമാണു്. പോരെങ്കിൽ പതിമൂന്നെന്നു് ഒരു മണിയുമില്ല. പോലീസുകാരൻ കുഴങ്ങി, പക്ഷെ വിട്ടില്ല. ഉടൻതന്നെ ചേങ്ങലയെടുത്തു അടിച്ചു പതിമൂന്നും ഉത്തുകളഞ്ഞു് പന്ത്രണ്ടടിച്ചു. അങ്ങിനെയാണു ബുദ്ധിയുള്ളവർ.

* * * *

വേവൽ പ്രഭുവിനു് കുറേശ്ശേ പ്രസംഗിക്കാതിരിക്കാൻ വയ്യാ. അതിടയ്ക്കിടയ്ക്കു് ഉള്ള ഒരു സുഖക്കേടാണു്. "വിളിച്ചു പറഞ്ഞതുകൊണ്ടു് മാത്രം ബ്രിട്ടീഷുകാർ ഇൻഡ്യ വിടുന്നതല്ല" അറിയാം സായ്പേ അറിയാം. അടിച്ചോടിച്ചാലും പോവുകയില്ലെന്നു് ഞങ്ങൾക്കറിയാം. ഈ ബാധ അങ്ങിനെ ഒഴിഞ്ഞു വിട്ടാൽ പോകുന്നതൊന്നുമല്ല. അതുകൊണ്ടല്ലേ ഉറക്കെ പറയണമെന്നു് ബെവിൻ സായ്‌വു ഉപദേശിച്ചിട്ടും ഗാന്ധിജി അത്ര വകവെക്കാതിരുന്നതു്. പക്ഷെ അങ്ങു് അടുത്തു് പറയുന്നതിന്റെ അർത്ഥമെന്താണു്, "അക്രമം കൊണ്ടു് ഇൻഡ്യൻ പ്രശ്നം പരിഹരിക്കപ്പെടുന്നതല്ല" പറഞ്ഞാലും പോവുകയില്ല. അടിച്ചാലും പോകുന്നതല്ല. നിങ്ങൾ പോവുന്നകാര്യം ഞങ്ങൾ തന്നെ ആലോചിച്ചുകൊള്ളാം. പക്ഷെ നിങ്ങൾ ഈ അക്രമത്തിന്റെ കാര്യം പ്രസംഗിക്കുന്നതെന്തിനാണു? പഴശ്ശി· ജാലിയൻവാലാബാഗിലെയും, അതു കഴിഞ്ഞു് ആവർത്തിക്കപ്പെട്ട ക്രൂരതകളുടെയും പ്രേതങ്ങൾ അങ്ങയെ പിന്തുടരുന്നുണ്ടായിരിക്കാം. ബഹുമാനപ്പെട്ട വൈസറോയി അവർകളേ ഇൻഡോനേഷ്യായിലും, ബർമ്മായിലും സയാമിലും, പേർഷ്യയിലും, ഗ്രീസിലും; കൽക്കട്ടായിലും; ബോംബെയിലും, മധുരയിലും, വിഹരിക്കുന്ന നിങ്ങളുടെ തോക്കുകളിൽ അക്രമരാഹിത്യ ഗുളികകളിട്ടാണോ പൊട്ടിക്കുന്നതു്. സായ്പിനു് ഐ. എൻ. എ. കാരെ പററിയും വലിയ എതിർപ്പാണു്. "സ്വന്തം വാഗ്ദത്തത്തിൽ ഉറച്ചുനിൽക്കുന്നവരാണു് പൂജനീയർ." ആരു് ആരോടാണു് വാഗ്ദത്തം ചെയ്തതു്? ശമ്പളത്തിനു് യുദ്ധം ചെയ്യാൻ ഇറങ്ങി തിരിച്ച കൂലി സാധുക്കൾ രാജ്യസേവനത്തിനു് കിട്ടിയ അവസരം ഉപയോഗപ്പെ

ട്ടത്തിയതു് വാഗ്ദത്തലംഘനമാണു്. അല്ലേ. വാക്കു് പാലിക്കുക എന്നതു് സായ്പിനു് വളരെ നിർബന്ധമാണു്. മലനു് കാടനു് ഹിററ്ലറുടെ അടിയേററു് കൊണ്ടിരുന്നപ്പോൾ രക്ഷിച്ച സോവിയററു് യൂണിയനോടു്, യൂഗോസ്ലേവിയയോടു്. ബർമ്മായിലെ ദേശാഭിമാനികളോടു്. ഇൻഡ്യയോടു് (1857 മുതൽ വർഷം തോറും ഓരോന്നും ചിലപ്പോൾ ഈരണ്ടും) ഈ വാക്കുകളൊക്കെയാണു് സായ്പ് പാലിക്കുന്നതു്. എന്താ സായ്‌പേ "[illegible]ണയൻ" എന്ന വാക്കു് സൂയ്സ് തോടിനപ്പുറം കിട്ടാനില്ലേ?

അല്ലാ. അതു പോകട്ടെ. എന്തിനാണു് നമ്മുടെ പത്രങ്ങൾ ഈ പ്രലപനങ്ങൾക്കു രണ്ടും നാലും കോളം ചെലവാക്കുന്നതെന്നാണു് മനസ്സിലാകാഞ്ഞതു്

*　　*　　*

"പത്തമനാട്ടുകൊണ്ടു സ്വാതന്ത്ര്യം നേടാം" ജനാബ് ജിന്നാസഹേബ്. ശരിതന്നെ. നേടാമേ. പക്ഷെ ഇതൊക്കെ ആരോടാണു് പറയേണ്ടതു്. പാക്കിസ്ഥാൻ ശരിയായിരിക്കാം. പക്ഷെ അതാരാണു് പിടിച്ചുവച്ചിരിക്കുന്നതു്. ഗാന്ധിജിയല്ലെന്നു കണ്ടുകൂടെ. നിങ്ങൾ കോൺഗ്രസിനോടു പടവെട്ടാതെ ഡൽഹിയിലേക്കു തിരിയൂ. സായ്പിനോടു പൊരുതാതെ കൂടുതൽ സമയവും കോൺഗ്രസിനെ വിമർശിച്ചു കഴിച്ചുകൂട്ടുന്നതുകൊണ്ടാണു് നിങ്ങളെ ശത്രുവായി ദേശാഭിമാനികൾ ഗണിക്കുന്നതെന്നു മനസ്സിലായില്ലേ. നിങ്ങൾ പറയുന്നതു കേട്ടാൽ നിങ്ങൾക്കിതിൽ ഒന്നും ചെയ്യാനില്ലെന്നു തോന്നും. പാക്കിസ്ഥാൻ കോൺഗ്രസിനെ കൊണ്ടംഗീകരിപ്പിച്ചു കിട്ടണമെന്നുണ്ടെങ്കിൽ ഒരുമിച്ചുനിന്നു സമരം ചെയ്യുക. ഇന്നു നിങ്ങൾ സൃഷ്ടിപരമല്ലാത്ത വിമർശനങ്ങൾ ചെയ്യുകമാത്രം ചെയ്യുന്നതുകൊണ്ടു കോൺഗ്രസിലെ ഹിന്ദുമഹാസഭക്കാർക്കു ശക്തി വർദ്ധിപ്പിക്കുകമാത്രമാണു് ചെയ്യുന്നതു്. ഇതുകൊണ്ടു ജയിക്കുന്നതു സാമ്രാജ്യത്വം മാത്രമാണു്. ഇന്നു ഭാരതത്തിൽ ആഭ്യന്തരയുദ്ധമുണ്ടായാൽ പകുതി ഉത്തരവാദിത്വം നിങ്ങൾ വഹിക്കേണ്ടിവരും. നിങ്ങൾക്കവസാനം കിട്ടുന്നതു പാക്കിസ്ഥാനായിരിക്കയില്ല. ക്രിപ്സ് ഖണ്ഡപദ്ധതി മാത്രമായിരിക്കും.

*　　*　　*

"ഹരിജൻപത്രം പ്രസിദ്ധീകരണം തുടങ്ങാൻ പോകുന്നെന്നു കേട്ടു. ഇതു പ്രധാനമായ ഒരുവാർത്ത ഇക്കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടില്ല. കോൺഗ്രസിന്റെ ശബ്ദം 1942-ൽ അമർത്തപ്പെട്ടു. പിന്നീടു കേൾക്കാൻ തുടങ്ങിയതു് ഒരു ബാബേലാണു്. വിവിധഭാഷകളിൽ വിധ്വംസകാശയങ്ങൾ എല്ലാം കോൺഗ്രസിന്റെ തന്നെ കള്ളമുദ്രയോടുകൂടി കേട്ടുതുടങ്ങി. ഇൻഡ്യൻ എക്സ്പ്രസ്സും, ഓറിയൻറും, ബ്ലിററ്സും, ഫോറവും, മാതൃഭൂമിയും, ചക്രവാളവും ഒക്കെ ഖദറിലാണു് ഈയിടെ ഇറങ്ങുന്നതു്. അഹിംസ അനാവശ്യമാണെന്നു ഒരു കൂട്ടർ. ജപ്പാൻകാരെ ചീത്തപറയുന്നതു ഹിംസയാണെന്നു കേളപ്പൻ. പട്ടാഭി പറയുന്നു അഹിംസ ഒന്നരാടം മതിയെന്നു്. ഇങ്ങനെ ഒരു കുഴപ്പം. ഇതൊന്നു മാറി കോൺഗ്രസിന്റെ നയമെന്തെന്നും, ഗാന്ധിജിയുടെ അഭിപ്രായങ്ങളെന്തെന്നും അറിയാൻ ജനങ്ങൾ ആഗ്രഹിച്ചിരിക്കയാണു്. അതുകൊണ്ടു ഹരിജൻപത്രത്തിന്റെ പുനരാവിർഭാവം ഭാരതീയരാഷ്ട്രീയാന്തരീക്ഷത്തിലെ കുഴപ്പത്തിനു് ഒരു അറുതി വരുത്തുവാൻ സഹായിച്ചേക്കാം. ഒട്ടും താമസിയാതെ ഇതു ചെയ്യണമെന്നു ഗാന്ധിജിയോടു് ഒരു വിനീതമഭ്യർത്ഥനയേയുള്ളു: ഗാന്ധി–ജിന്നാ കത്തുകൾ മോഷ്ടിച്ചു ഗാന്ധിജിയുടെ നിർദ്ദേശങ്ങൾക്കെതിരായി പ്രസിദ്ധപ്പെടുത്തുകയും, ജിന്നായും എമറിയും തമ്മിലുണ്ടായതായി പറയപ്പെടുന്ന കള്ള എഴുത്തുകൾ ഉണ്ടാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന അമൃതലാൽസേട്ടു മുതലായവരുടെ കൈയിലാണു് ഇന്നു കോൺഗ്രസിന്റെ പ്രചരണയന്ത്രമിരിക്കുന്നതു്. കേരളത്തിലാണെങ്കിൽ ഒരു വന്ദ്യമുസ്ലീം നേതാവിന്റെ മരണംപോലും വോട്ടുപിടിക്കാനുപയോഗിക്കുന്നതായിട്ടാണു് കാണുന്നതു്. പോരെങ്കിൽ എത്ര കള്ളവാർത്തകൾ പ്രസിദ്ധീകരിച്ചാലും ആ തെററുകളെ തിരുത്തുകയില്ലെന്നു ശഠിക്കുന്ന പത്രങ്ങളാണു് ഇന്നു ദേശീയപത്രങ്ങളെന്നു തെളിയുന്നതു്. ഹരിജൻ വേഗം വരണേ.

പിന്നെയൊരു കാര്യമുണ്ടു്. ഭാസ്കരാ. വലിയ ഈ ആളുകളുണ്ടല്ലോ അവർ മരിച്ചാൽ അവരുടെ പടം ബ്ലോക്കുചെയ്തു വിററാൽ നല്ല വില കിട്ടും. (ദേശീയത്വം രണ്ടണ വച്ചു്) പടത്തിന്റെ ഉടമസ്ഥൻ എന്തെങ്കിലും പണം കൊടുക്കാമെന്നുവച്ചാലോ, ഓ! അതു വേണ്ട. അതു മാതൃഭൂമിയുടെ പാരമ്പര്യത്തിനു യോജിച്ചതല്ല-

"ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം പണം"

*　　*　　*

സമയം വളരെയായി. മുൻസിപ്പാലിററി ഞരങ്ങിക്കരഞ്ഞുതുടങ്ങി. (ഇവിടെ യുദ്ധം കഴിഞ്ഞപ്പോഴാണു് സൈറൺ) നിറുത്തട്ടെ.

ഗ്രന്ഥവിഹാരം

# ബലാബലം

ഗ്രന്ഥകർത്താവ്—ശ്രീ. എൻ കൃഷ്ണപിള്ള ബി. എ. (ഓണേഴ്സ്)
പ്രകാശകർ—പ്രബോധിനി പ്രസിദ്ധീകരണ ശാല, തിരുവനന്തപുരം.
വില—ഒന്നര രൂപ, പേജ് 86/13

വിവാഹവ്യാപിയായ ഒരു മഹൽ പ്രശ്നത്തെ മനശ്ശാസ്ത്രമനുസരിച്ച് അപഗ്രഥിക്കുകയാണ് ഈ നാടകത്തിൽ ചെയ്തിരിക്കുന്നതു്. ഉപന്യാസ രൂപത്തിലാണെങ്കിൽ ഏറെക്കുറെ എളുപ്പമായ ഈ പ്രതിപാദനം നാടകരൂപത്തിലാവുമ്പോൾ ക്ലേശകരമായിത്തീരുന്നു. അഭിനന്ദനാർഹമാം വണ്ണം മി. കൃഷ്ണപിള്ള അതിൽ വിജയിച്ചിട്ടുണ്ട്.

അമ്മായിയമ്മയും മരുമകളും തമ്മിലുള്ള വാത്സല്യമാണ് ഇതിലെ കഥാവസ്തു. കേവലം ശാസ്ത്രപരമായ ഒരു പ്രാധാന്യം മാത്രമല്ല ഈ പ്രശ്നത്തിനുള്ളതു്. സാമുദായിക ജീവിതത്തിന്റെ അടിസ്ഥാനമായ കുടുംബജീവിതത്തെ താറുമാറാക്കി കുടുംബത്തിന്റെ പാവനതയെന്ന ആശയത്തെ ഹസിച്ചു ബീഭത്സമായി പല്ലിളിച്ചു നിൽക്കുന്ന ഒരു ദുർഭൂതമാണ് ഈ പ്രശ്നം. ദമ്പതികൾ വിവാഹത്തോടുകൂടി പ്രത്യേകം വീട്ടിൽ താമസം തുടങ്ങുന്ന പതിവ് ഇല്ലാത്ത കേരളത്തിൽ ഈ പ്രശ്നത്തിന്റെ പ്രാധാന്യം വളരെയാണ്. തൽ പരിഹാരാർത്ഥം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടികളിൽ മുഖ്യമായതു് ഈ പ്രശ്നത്തിന്റെ സ്വഭാവത്തെപ്പറ്റി ജനങ്ങളിൽ ഒരു വ്യക്തമായ അറിവുണ്ടാക്കുകയെന്നതാണ്. അതുകൊണ്ട് ഈ നാടകത്തിനു കലാപരമായ സൗന്ദര്യം എന്നതിനു പുറമെ, ഒരു പക്ഷെ അതിനുപരിയായി ഒരു മെച്ചം കൂടിയുണ്ട്. സമുദായത്തിലെ ഗുരുതരമായ ദോഷങ്ങളിലൊന്നിനെ അനുഭാവപൂർണ്ണമായ മനസ്ഥിതിയോടെ ഉന്മൂലനം ചെയ്‌വാൻ പരിശ്രമിക്കുന്നു എന്നതു്. അമ്മായിഅമ്മയുടെ ചിന്താഗതി മരുമകളും, മറിച്ചും മനസ്സിലാക്കുന്നതു് അവരുടെ പെരുമാറ്റത്തിൽ ആരോഗ്യകരമായ ഒരു വ്യതിയാനം വരുത്താൻ സഹായിക്കും.

ഇനി പരിശോധിക്കുവാനുള്ളതു് മി. കൃഷ്ണപിള്ളയുടെ അപഗ്രഥനം എത്രമാത്രം ശരിയാണെന്നാണ്. ഈ വിഷയത്തിൽ പണ്ഡിതന്മാരുടെ ഇടയിൽ രണ്ടഭിപ്രായഗതികളാണുള്ളതു്. താത്വികമായി ഇതിലും മൗലികമായ ഒരു അഭിപ്രായഭിന്നതയുടെ പ്രതിഫലനമാണ് ഈ വികാരാശയങ്ങളുടെ അടിസ്ഥാനം. ജീവരാശിയുടെ ജീവിതോദ്യോധനത്തിലെ പ്രചോദന ശക്തി ലൈംഗികമാണ്, അഥവാ സന്താനോൽപാദനാസക്തിയാണ്. ജീവികൾ ചെയ്യുന്നതെല്ലാം സ്വവർഗ്ഗത്തെ നിലനിറുത്തുവാൻ വേണ്ടി മാത്രമാണ്. ഇതാണ് ഒരു സിദ്ധാന്തം. രണ്ടാമത്തെ വിഭാഗം ചിന്തകന്മാരുടെ അഭിപ്രായത്തിൽ ആത്മസംരക്ഷണമാണ് ഈ പ്രചോദകശക്തി. ഈ സിദ്ധാന്തമനുസരിച്ചു ഭക്ഷണം സമ്പാദിക്കുകയും ശത്രുക്കളോടു പടവെട്ടുകയുമാണ് ജീവിതത്തിലെ പ്രധാന പ്രവർത്തനങ്ങൾ. ഇതിൽ ഒന്നാമത്തെ അഭിപ്രായക്കാർ പ്രകൃതപ്രശ്നത്തിനു കൊടുക്കുന്ന വിശദീകരണം, അതു് ഈഡിപ്പസ് കോംപ്ലെക്സ് ആണെന്നാണ്, അഥവാ സ്വസന്താനമെങ്കിലും പുരുഷനായ സ്വപുത്രനോടു് മാതാവിനു ഉപബോധമനസ്സിൽ ഒളിഞ്ഞുകിടക്കുന്ന കാമാർത്തിയാണ് കലഹകാരണമെന്ന്. സാമുദായിക നിയമങ്ങളനുസരിച്ചു് അപ്രായോഗികമെങ്കിലും ഈ വികാരം മാതാക്കളിലുണ്ടെന്നാണ് അവർ വാദിക്കുന്നതു്. ഈ അഭിപ്രായത്തിന്റെ അസ്വാഭാവികതയെയോർത്തു് (അവരുടെ കണ്ണിൽ അസാന്മാർഗ്ഗികതയും) അൽഭുതാധീനരായി വ്യസനപ്പെട്ടു പോകുന്ന വിമർശകരോടു് ഫ്രോയിഡ് മുതലായവർ മാതൃപുത്രസംയോഗം സാധാരണമായി നടന്നുകൊണ്ടിരിക്കുന്ന, കോഴി, കന്നുകാലി, മുതലായ തിര്യക്കുകളെ ചൂണ്ടിക്കാണിക്കുകയാണ് ചെയ്യുന്നതു്. ഭർത്താവു് വളരെ നേരത്തെ മരിച്ച സ്ത്രീകളിൽ അമ്മായിഅമ്മപ്പോരു് വളരെ വർദ്ധിച്ചിരിക്കുമെന്ന കാര്യവും അവരുടെ വാദഗതിക്കു് ഉപോൽബലകമാണ്. രണ്ടാമത്തെ വിഭാഗത്തിൽപെട്ട ശാസ്ത്രജ്ഞന്മാർ ലൈംഗികാസക്തി പ്രാഥമികമാണെന്നു് വിചാരിക്കുന്നില്ല. അവർ ഈ പ്രശ്നത്തെ അപഗ്രഥിച്ചിട്ടു് പറയുന്നതു്, ഭർത്താവിനെ ഭരിച്ചു കിട്ടിയ അധികാരപ്രമത്തത പ്രകൃത്യാ ഉള്ള ഭരണാസക്തിയോടുകൂടി യോജിച്ചു് പുത്രന്റെ മേൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്ന യുവതിയോടു്—അവന്റെ ഭാര്യയോടു്—സമരം നടത്ത

ന്നതുകൊണ്ടാണു് ഈ പ്രശ്നമുത്ഭവിക്കുന്നതെന്നാണു്. ഈ അഭിപ്രായഗതിയോടാണു് മി. കൃഷ്ണപിള്ളയുടെ അനുഭാവം എന്നു് തോന്നുന്നു. നാടകം ആരംഭിക്കുന്നതുതന്നെ ലക്ഷ്മിഅമ്മ തന്റെ അധികാരത്തെപ്പററി വീരവാദം മുഴക്കിക്കൊണ്ടാണു്. പിന്നീടും "ഞാനിവിടെയുള്ളപ്പോളിതൊന്നും നടക്കുകയില്ലെ"ന്ന ഭാവം ഈ പ്രതീതിയാണു് നമ്മിലുണ്ടാക്കുന്നതു്. ആ അമ്മയുടെ ആവനാഴിയിലുള്ള പ്രധാന ശരം, അവരുടെ അച്ഛൻ മരിച്ചതിൽപിന്നെ ഇതുവരെ അവരെ വളരെ പ്രയത്നപ്പെട്ടു വളർത്തി എന്നതാണു്. ഈ അവകാശവാദം പൊള്ളയായ ഒരു തർക്കമല്ല. അവരതു പറയുന്നതിൽ വളരെ ആത്മാർത്ഥതയുണ്ടു്. ആ അവകാശം ഇന്നു അനാശാസ്യമായ ഒരു അധികാരപ്രയോഗത്തിനു സാധൂകരണമായി ഉപയോഗിക്കുന്നതുകൊണ്ടു് അവരുടെ ആത്മാർത്ഥതയിൽ സംശയമുണ്ടാകാം. പക്ഷെ അതിൽ ആത്മാർത്ഥതയുണ്ടു്. മാതൃഹൃദയത്തിനു് അഭിമാനപൂർവം പ്രഖ്യാപിക്കാവുന്ന ആത്മാർത്ഥത അതിന്റെകൂടെ അധികാരത്തിനുവേണ്ടിയുള്ള സ്വാർത്ഥവാദം കൂട്ടിക്കുഴയ്ക്കുവാൻ കഴിയുന്നതു സ്ത്രീഹൃദയത്തിനുള്ള ഒരു പ്രത്യേകതമാത്രം. ഇത്തരം വൈരുദ്ധ്യങ്ങൾ ലക്ഷ്മിഅമ്മയുടേയും, പങ്കജത്തിന്റേയും പെരുമാററത്തിൽ ഒരുപോലെ പ്രത്യക്ഷപ്പെടുന്നുണ്ടു്. പങ്കജം ഭർത്താവിനോടു യാത്ര പറയുമ്പോഴത്തെ വിശദീകരണം അതിനുദാഹരണമാണു്.

ഇത്രയും പറഞ്ഞതുകൊണ്ടു് ഒന്നാമത്തെ സിദ്ധാന്തം മി. കൃഷ്ണപിള്ള പരിപൂർണ്ണമായി പരിത്യജിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ശേഖരൻ "ചുമരിൽ തൂക്കിയിട്ടിരിക്കുന്ന ചിത്രത്തിനു ജീവൻ ഉണ്ടായാ"ലെന്നപോലെ ഇരിക്കുന്നതും, ശേഖരന്റെ അച്ഛൻ വളരെ പണ്ടുതന്നെ മരിക്കുകയും ചെയ്യുന്നതും യാദൃച്ഛികമായിട്ടാകാൻ വഴിയില്ല. ലൈംഗികാസക്തി കൃത്രിമമായി ഒതുക്കിവച്ചാൽ അതു പല വളഞ്ഞ മാർഗ്ഗങ്ങളും സ്വീകരിക്കും. "ന്യൂറോസിസ്" എന്നു പറയുന്ന രോഗമായിത്തീർന്നാലും ലൈംഗികാസക്തിക്കു സംയോഗം വേണ്ടിവരികയില്ല. അതു സേഡിസമായിട്ടോ (സ്നേഹിക്കുന്ന ആളിനെ അനാവശ്യമായി വേദനപ്പിക്കുക) കൈക്കേടുകളായിട്ടോ ഒക്കെ തീരാം. ഒരേതരം വികാരത്തിനടിമയല്ലെങ്കിൽ അമ്മായിഅമ്മയും മരുമകളും തമ്മിൽ മാത്സര്യത്തിനു സ്ഥാനമില്ലെന്നു് അഭിപ്രായപ്പെടുന്നവരും ഉണ്ടു്. കേരളത്തിൽതന്നെ ഒരു പ്രത്യേക സമുദായത്തിലെങ്കിലും, അമ്മായിഅമ്മ പുത്രൻ ഭാര്യയെ സമീപിക്കാതിരിക്കുവാൻ; മരുമകളെ സ്വന്തം കിടക്കയിൽ കിടത്താറുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഈ വാദഗതി ശരിയാണെങ്കിലും അല്ലെങ്കിലും ഈ രണ്ടഭിപ്രായഗതികളും കൂടിച്ചേർന്നുള്ള ഒരു സിദ്ധാന്തമായിരിക്കാം (അതു സാദ്ധ്യമാണെങ്കിൽ) സാധാരണക്കാർക്കു് സ്വീകാര്യം. മി. കൃഷ്ണപിള്ള യാന്ത്രികമായ ഒരു അപഗ്രഥനം നടത്തി ഇതിൽ ഏതെങ്കിലും ഒരു വാദത്തിനു് തെളിവു ശേഖരിക്കുകയല്ല ചെയ്തിരിക്കുന്നതു്. രണ്ടു വാദത്തേയും ആധാരിച്ചു് യഥാർത്ഥ ജീവിതത്തിന്റെ ഒരു ചിത്രീകരണമാണു് സാധിച്ചിരിക്കുന്നതു്. ശാസ്ത്രജ്ഞനു് അതു് എന്തുകൊണ്ടു് കുറവുള്ളതായി തോന്നിയാലും ഒരു കലാകാരനു് അതിൽ കൂടുതൽ നിവൃത്തിയില്ല.

പങ്കജം പരാജിതയായി വീട്ടു പോകുകയാണു ചെയ്യുന്നതു്. അതു ശരിയാണോ? ഈ പ്രശ്നമുത്ഭവിക്കാം. നാടകത്തിൽ ചിത്രീകരിച്ചിട്ടുള്ള രംഗങ്ങളിൽ മരുമകൾ പരാജിതയാകുന്നതു് സഹജമാണു്. പക്ഷെ യവനികയ്ക്കു പിന്നിലുണ്ടല്ലോ ഒരു ലോകം. കിടപ്പറയിലെ അന്ധകാരത്തിൽ, വിജൃംഭിത വികാരങ്ങളുടെ മദ്ധ്യത്തിൽ, താഴ്ന്ന ശബ്ദത്തിലുള്ള തലയിണമന്ത്രം—അമ്മായിഅമ്മക്കു ഒരിക്കലും സഹ്യമല്ലാത്ത വശ്യമന്ത്രം—ഒരു ഭർത്താവിനു് എത്രനാൾ തടുത്തു നിർത്താൻ സാധിക്കും. വെറും മൃദുത്വംകൊണ്ടു് ഭാര്യയുടെ അവകാശങ്ങളെ മനസ്സിലാക്കാതിരിക്കുന്നവനാണെങ്കിൽപോലും, അതേ മയത്വം അവന്റെ ഭാര്യയോടുണ്ടാവുന്ന അടിമത്വം മുഖേനയെങ്കിലും അവനെ കക്ഷിമാറാൻ പ്രേരിപ്പിക്കും. യഥാർത്ഥ ജീവിതത്തിൽ ഭൂരിപക്ഷവും ഇതാണു് ഗതി. മറെറാരു കാരണംകൊണ്ടാണെങ്കിലും ശ്രീകുമാരൻ എങ്ങനെ അമ്മയുടെ അടിമത്തത്തിൽനിന്നു രക്ഷപെട്ടുവെന്നു നോക്കുക. എങ്കിലും ശേഖരനെപ്പോലുള്ള മൃഗങ്ങൾ ദുർല്ലഭമായിട്ടെങ്കിലും പ്രകൃതിയിൽ കണ്ടുകൂടെന്നില്ല. പോരെങ്കിൽ കഥയ്ക്കു് അയാൾ ഒരു അനിവാര്യ ഘടകമാണു്. അയാളുടെ മയത്വം എന്ന രംഗത്തിലേക്കാണു് എല്ലാവരേയും നയിക്കുന്നതെന്നു് കാണിക്കാനായി ഈ പ്രശ്നത്തിന്റെ അനാശാസ്യ ഫലങ്ങളെ പ്രദർശിപ്പിക്കുന്നതിനായി ഒരു കുരുതിക്കോഴിയായിട്ടെങ്കിലും അയാൾ ആവശ്യമാണു്. അയാളും അമ്മയും പ്രതിനിധീകരിക്കുന്ന അധോമുഖമായ ജീവിതത്തിന്റെ എതിരാളിയാണു് പങ്കജം. അവളുടെ സന്ദേശത്തിന്റെ അനുഗാമിയാണു് ശ്രീകുമാരൻ.

നാടകത്തിലെ സംഭാഷണങ്ങളുടെ കാര്യം പ്രത്യേകാഭിനന്ദനം അർഹിക്കുന്നു. പാശ്ചാത്യനാടകങ്ങളെ അനുകരിച്ചു നാടകമെഴുതുന്നവരെ ബാധിക്കാറുള്ള ഒരു പ്രേതം ഈ നാടകത്തെ ബാധിച്ചിട്ടില്ലെന്നുള്ളതും ഒരു വലിയ ആശ്വാസമാണു്. "പ്രഭു"വാണു് നാം കണ്ടിട്ടില്ലാത്തതും എന്തു രൂപവും കൈക്കൊള്ളാവുന്നതുമായ ആ രൂപം. ക്ഷയോന്മുഖമായ ജന്മിത്വത്തെ പശ്ചാത്തലമാക്കി നാടകം രചിച്ച പാശ്ചാത്യസാഹിത്യകാരന്മാർ എല്ലാവരും പ്രഭുക്കന്മാരെ ചിത്രീകരിച്ചു. അവരുടെ ആശയത്തിന്റെ കൂടെ ഈ പ്രഭുക്കന്മാരും ഇവിടെയെത്തി. ഈ സാധനം നമ്മുടെ നാട്ടിൽ ഇല്ലാത്ത ഒന്നാണെന്നു് ആരും വിചാരിക്കാതിരുന്നതു് അൽഭുതമാണു്. കഥയവസാനിക്കുന്നതു നന്നായില്ലെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സാഹിത്യഗ്രന്ഥമെന്ന നിലയ്ക്കു വായിക്കുവാൻ കൊള്ളാമെങ്കിലും അവസാനത്തെ നാലു വാചകങ്ങൾ കേൾക്കുവാൻ സദസ്യർ ക്ഷമിച്ചിരിക്കുമോ എന്നു് അഭിനയത്തെപ്പറ്റി അറിവുള്ള ഗ്രന്ഥകാരൻ ആലോചിച്ചുനോക്കേണ്ടതാണു്. നാടകമായിരിക്കുന്നതുകൊണ്ടു് അതിന്റെ അഭിനയസാദ്ധ്യതകളെയും (പ്രത്യേകിച്ചു മറ്റെല്ലാ കാര്യങ്ങളിലും അഭിനയിക്കാൻ നല്ലതായ ഈ കൃതിയിൽ) പരിഗണിക്കേണ്ടതാണല്ലോ. ശേഖരന്റെ ആശയില്ലാത്ത പരാധീനതയെ ആ നാലു വാചകങ്ങൾ വ്യക്തമാക്കുന്നുണ്ടു്. പക്ഷെ അതു പ്രത്യേകം അച്ചടിച്ചു ഗേറ്റിനു വെളിയിൽ വിതരണംചെയ്യുന്നതുകൊണ്ടേ അതു കാണികളുടെ കണ്ണിൽ എത്തിക്കാൻ സാധിക്കയുള്ളു. ശ്രീകുമാരനും പങ്കജവുംകൂടി പോകുന്നപോക്കു കഥയ്ക്കു പരിപൂർണ്ണമായ ഒരു വിരാമമിടുന്നുണ്ടു്. അവിടെ പിന്നെ ഒരു വാലിനു സ്ഥാനമില്ല; അതെത്ര സുന്ദരമായിരുന്നാലും.

ആ പാത്രങ്ങൾ ഈ നാടകത്തിൽ പ്രത്യേകതയർഹിക്കുന്നു. പണിക്കരുടെ ചിത്രീകരണം നന്നായി. പക്ഷെ ഒന്നാംരംഗം കഴിഞ്ഞു് അയാൾ എവിടെ പോയി? ലക്ഷ്മിഅമ്മയ്ക്കു് ഒരു ശ്രോതാവെന്ന നിലയിൽ മാത്രം ഒരു പാത്രത്തെ സൃഷ്ടിക്കുന്നതു ഭംഗിക്കുറവാണു്. അഭിനയിക്കുന്നവർക്കു് ഒരു ഭാരവും. ശാരദയുടെ സൃഷ്ടിയാണു് ഈ നാടകത്തിലെ ഏറ്റവും ശ്രേഷ്ഠമായ സംഗതി. ഒരിക്കലും സ്റ്റേജിൽ പ്രത്യക്ഷപ്പെടാതെ കാണികളുടെ ഹൃദയം അപഹരിക്കുന്ന ആ ശാരദയുടെ സൃഷ്ടിയോടു കിടപിടിക്കുന്ന ഒരു പാത്രത്തെ കണ്ടുപിടിക്കാൻ പാശ്ചാത്യസാഹിത്യത്തിൽ തന്നെ അന്വേഷിക്കണം. പങ്കജത്തിന്റെ സമരത്തെക്കാളും ഹൃദയസ്പർശിയായതു ശാരദയുടെ നിശ്ശബ്ദവിലാപമാണു്. പങ്കജം പരാജിതയായി. ശാരദ അവളുടെ മരണംകൊണ്ടു് അമ്മയെ നിശ്ശേഷം തോല്പിച്ചിരിക്കുന്നു. നാടകം വായിച്ചുകഴിഞ്ഞ ആളിനു ശാരദ സ്റ്റേജിൽ വരുന്നില്ലെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമായിരിക്കും. നാടകം കണ്ടുകഴിഞ്ഞു തിരിയെ പോകുന്നവരെ അവരൊരിക്കലും കണ്ടിട്ടില്ലാത്തതെങ്കിലും "എല്ലുന്തി, വിളറി, നാക്കെടുക്കാൻ വയ്യാത്ത ശാരദയുടെ പ്രേതം" പിന്തുടരുന്നുണ്ടാവും. ഈ നാടകത്തിന്റെ വിജയത്തിനു കാരണം വളരെ വളച്ചുകെട്ടിയ ഒരു കഥയല്ലാത്തതുകൊണ്ടാണെന്നു പറയാം. സാധാരണ നാടകകൃത്തുക്കൾ തങ്ങളുടെ മനസ്സിൽ ഉള്ള കുറെ അധികം അഭിപ്രായങ്ങളെ പ്രകടിപ്പിക്കാനുള്ള ഒരു വഴിയായിട്ടാണു് ഒരു നാടകത്തെ കാണുന്നതു്. നാടകം അഭിനയിക്കാനുള്ളതാണെന്നും, അതു കണ്ടിരിക്കുന്ന ആളുകൾ എല്ലാം മാനസികാപഗ്രഥനപടുക്കളോ സാഹിത്യവിമർശകന്മാരോ അല്ലെന്നും ഓർമ്മയിരുന്നാൽ മനസ്സിലാക്കാൻ വിഷമമായ കഥാഗതി കാണികളുടെ തലയിൽ കെട്ടിവയ്ക്കാതിരിക്കാൻ കഴിയും. ഡ്രാമാറ്റിക്കു് എഫക്ടുകളുണ്ടാക്കാൻ വേണ്ടിയാണു പോലും ഇത്തരം കഥകൾ എടുക്കുന്നതു്. കുറെ അധികം പടക്കം പൊട്ടലുകളും, അമ്മ അച്ഛനാണെന്നും അച്ഛൻ മകനാണെന്നും മറ്റുമുള്ള അത്ഭുതകണ്ടുപിടുത്തങ്ങളും ഉണ്ടെങ്കിലേ കാണികൾ രസിക്കുകയുള്ളു എന്നു പറയുന്നതു ജനങ്ങളെ പുച്ഛിക്കുകയാണു്, സ്വന്തം കഴിവുകേടിനെ മറയ്ക്കാൻ ഒഴികഴിവു കണ്ടുപിടിക്കുകയാണു്. അല്ലെന്നഭിപ്രായമുള്ളവർക്കു് ഒരു മാതൃകാപാഠമാണു് ഈ നാടകം. ഒരു സാധാരണ കഥ. ചുരുക്കം പാത്രങ്ങൾ, ഒരു ചുരുങ്ങിയ കാലഘട്ടം. എന്നിട്ടും നാടകത്തിന്റെ മാഹാത്മ്യത്തിനു് എന്തു കുറവാണുള്ളതു്. നല്ല ചെറുകഥകളുടെ ഇതിവൃത്തമാണു് നാടകത്തിനു പറ്റിയ കഥാവസ്തുവെന്നു് ഈ നാടകം തെളിയിക്കുന്നു. നോവലുകളും നീണ്ട കഥകളും സംഗ്രഹിച്ചു നാടകമാക്കുന്നതാണു് മോശമാകുന്നതു്.

ഈ പുസ്തകത്തിനുള്ളതിലും നല്ല കെട്ടും മട്ടും ഈ നാടകമർഹിക്കുന്നുണ്ടു്. എവിടെനിന്നോ കടം വാങ്ങിയ ഒരു കവർ ഡിസയിൻ "മുദ്രണം" എന്നു് ഇരുട്ടിലെഴുതിയ ഒരു ക്ഷമാപണം, അതടിക്കുവാൻ സാമാനം പൊ

# നവരശ്മി

(ഗ്രന്ഥകർത്താ. പൊൻകുന്നം ദാമോദരൻ
പ്രസാധകന്മാർ. ഡി. എൽ. ബ്രദേഴ്സ്.

വില. 1 രൂപ.

വെറുങ്ങലിച്ചു തുടങ്ങിയിരിക്കുന്ന ആ "പഴയ"തിന്റെ എല്ലുകൾ തട്ടപ്പെട്ടുന്ന ശാസ്ത്രപണ്ഡിതന്മാർക്ക് പിടികൊടുക്കാതെ സ്വച്ഛന്ദമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഒൻപതു കവിതകൾ ഈ കൊച്ചുപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. നവ്യമായ ഒരു സുന്ദരലോകത്തെ അനുവാചകരുടെ മുൻപിൽ ആവിഷ്കരിക്കുമ്പോൾ ആ സ്വപ്നശാലസാമ്രാജ്യത്തിൽ ഉദയം ചെയ്യുന്ന ബാലസൂര്യന്റെ ആദ്യത്തെ ചെങ്കതിരുകളിലൊന്നാണു നവരശ്മി. ചിലപ്പോഴൊക്കെ സാവധാനതയോ ഔചിത്യമോ നോക്കാതെ ഈ കുട്ടിസൂര്യന്റെ രശ്മിപ്രവാഹം കാട്ടുകയറിയിട്ടില്ലേ എന്നു തോന്നിപ്പോകാം. കവി പറയുകയാണ്:—"ഒന്നുകൂടി വായിക്കാൻ തക്ക കഴമ്പുള്ള എത്ര കവിതകൾ ഈ കൃതിയിലുണ്ടെന്നു ഞാൻ തന്നെ ആലോചിക്കയാണ്,"

---

തിയാൻ കൂടി കൊള്ളുകയില്ലാത്ത കടലാസ്. ഇതിന്റെയൊക്കെ അർത്ഥമെന്താണ്? സ്വന്തം ഗ്രന്ഥത്തിന്റെ ഗുണത്തെപ്പററി മതിപ്പില്ലാഞ്ഞിട്ടോ? വാങ്ങുന്നവരെപ്പററി ബഹുമാനമില്ലാഞ്ഞിട്ടോ? "യുദ്ധകാലം" എന്ന സാർവ്വലൗകിക ന്യായം ഇതിനു പറയാൻ നിവൃത്തിയില്ല. 86 വശമുള്ള ഒരു പുസ്തകം പുനലൂർ കടലാസിൽ അച്ചടിച്ചിട്ട് ഒന്നര രൂപ വിലക്കാമെന്നു വച്ചാൽ കവറെങ്കിലും നല്ല കടലാസിൽ അച്ചടിക്കാൻ കഴിയുകയില്ലെന്നു പറയുന്നതു ശരിയാണോ? ശ്രീ വൈക്കം മുഹമ്മദ്ബഷീറിനെപ്പോലെ സ്വന്തം പുസ്തകങ്ങൾ നന്നായി അടിച്ചുകിട്ടണമെന്നു ശഠിക്കുന്നതു സാഹിത്യത്തോടുള്ള ഒരു ആദരവായിത്തന്നെ കരുതണം.

പുസ്തകത്തിനു വില കൂട്ടുന്നതിനെതിരായി പ്രസിദ്ധീകരണശാലക്കാർക്കു വളരെയധികം വാദങ്ങളുണ്ട്. പക്ഷെ പത്തു പുസ്തകം വിററു വലിയ ലാഭമെടുക്കാൻ ശ്രമിക്കുന്ന ഇക്കൂട്ടർക്ക് അവർ സ്വന്തം തൊഴിലിന്റെ ഭാവി നശിപ്പിക്കുകയാണെന്നു മനസ്സിലാകാത്തതാണത്ഭുതം. കൂടുതൽ പുസ്തകം താഴ്ന്ന വിലയ്ക്കു ചെലവാകുന്നതാണു സാഹിത്യകാരന്മാർക്കും പ്രസിദ്ധീകരണശാലക്കാർക്കും സാഹിത്യത്തിനു പൊതുവേയും നല്ലത്. അതു അവർ അനുഭവത്തിൽ നിന്നു മനസ്സിലാക്കുമെന്നാശിക്കുക.

(സി. ജെ. തോമസ്)

# കൊടുങ്കാററ്

(ഒ. എം. അനുജൻ)

മർദ്ദിതരുടെ നെടുവീർപ്പുകൾ, അധർമ്മത്തിൻ
മസ്തകം പിളർക്കുന്ന ഝംഝാവാതമായിതാ
ഭാവിതൻ പേമാരിക്കു പെയ്യുന്ന മേഘങ്ങളെ-
യാവതുമെടുപ്പിപ്പൂ; മാറിനിൽക്കുക താരും.
ഉന്നതശൈലങ്ങളു, മുദ്ധത ചന്ദ്രാർക്കരും
മണ്ണടിയട്ടേ! മന്നു ഭരിക്കാനവരാരാ?
അസ്ഥിനിർമ്മിതമായ മർദ്ദനമണിമാളി-
മസ്ഥരമാകട്ടേ, വിറക്കൊള്ളട്ടേമേന്മേൽ!
ശുഷ്കമാം വിശപ്പിൻനേർക്കാഞ്ഞടിക്കട്ടേ,
(സാധ്യ-
മർദ്ദനധിക്കാരത്തിന്റെ വൻതിരമാല.
കൊച്ചുകാററാൽ ഞാൻ ഞെട്ടിവിറച്ചു മുൻകാല
പൊട്ടിവീഴട്ടേനിന്റെ പ്രചണ്ഡാട്ടഹാസത്താൽ
കാണണം, മറഞ്ഞുവരുന്നിപ്പോഴും ലോകം, കാല-
കാളസർപ്പത്തിൻ ചീറലേറിട്ടും ബോധമായ്

---

എന്ന്; വിനയപ്രകടനത്തെക്കാൾ കൂടുതലായി കവി യാഥാർത്ഥ്യവാദത്തെ അംഗീകരിക്കുന്നു എന്നുള്ളതിന്റെ ഒരു തെളിവാണത്.

പരിവർത്തനോന്മുഖമായി പ്രയാണം ചെയ്യുന്ന ചിന്താഗതിയുടെ അഗ്നിസ്ഫുലിംഗങ്ങൾ "ആഹ്വാനം" എന്ന ആദ്യകവിതയിൽക്കൂടിത്തന്നെ നമ്മെ തട്ടിയുണർത്തിയതിനുശേഷം,

"മാനത്തു മഴവില്ലുംനോക്കിനിൽക്കുന്ന കവി
കാലൂന്നിനിൽക്കും ഭൂമികീഴ്മേൽ മറി
യുമ്പോൾ"

എന്നും മററും ഉദ്വേഗജനകമായ ഭാഷയിൽ യാഥാർത്ഥ്യങ്ങളെ നമ്മുടെ മുൻപിൽ നിരത്തിവച്ചിട്ട്,—

"ഇടിവാളു കണക്കു മിന്നിട്ടു—
ന്നൊരു ചോദ്യത്തിനു മുമ്പിലാണു നീ
അതിനായിരമുത്തരം കിട-
ന്നലതല്ലുന്നസമുദ്രമാണു നീ"

എന്ന് അനുശാസനവും അനുസ്മരണവും കഴിഞ്ഞ്, കവി നമ്മെ ആശാന്റെയും സ്വദേശാഭിമാനിയുടെയും കല്ലറകൾക്ക് മുമ്പിൽവിളിച്ചുനിർത്തി ഉതിർന്നുവീഴുന്ന കണ്ണീരോടെയെങ്കിലും അടക്കിയാലൊതുങ്ങാത്ത ആത്മവീര്യത്തോടെ, കുഴഞ്ഞുമറിഞ്ഞുകിടക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം നൽകുവാൻ ഫലപ്രദമായി ശ്രമിച്ചിട്ടുണ്ട്. മി. ദാമോദരന്റെ കഴിവുകളുടെ മാനദണ്ഡമായ ഈ "നവരശ്മി"യിലെ പല വരികളിലും കവിതയുണ്ട്.

(കെ. ആർ. രാമകൃഷ്ണൻ)

ചെറുകഥ.

# കുറുക്കുവഴി!

(ടി. എ. പീററർ)

തോമയും ലോനയും ഒരു വീട്ടുകാരാണ്. ഒരേകമ്പനിയിലാണ് ഇരുവർക്കും ജോലി. രണ്ടുപേരും വലിയ ചെങ്ങാതികളും ഒരുമിച്ചു് താമസിക്കുന്നവരുമാണ്.

അവരുടെ അഭിപ്രായങ്ങൾ തമ്മിൽ ഇടയുക പതിവില്ല. അവരുടെ ജീവിതം അത്തരം കെട്ടുപാടുകളിൽ കൂടിയായിരുന്നു.

ഫാക്ടറിയിൽ നിന്നു് കിട്ടുന്ന കൂലി ഇരുവരുടേയും ജീവിതാവശ്യങ്ങൾക്കു് തികഞ്ഞിരുന്നില്ല. ആവശ്യങ്ങൾ പലതും ചുരുക്കിയിട്ടും കടത്തിൽനിന്നൊഴിയാതെ വളരെ വിഷമിച്ചു. കൂലികിട്ടുന്ന തുക റേഷൻ വാങ്ങിയ വകയിൽ കൊടുത്തുകഴിഞ്ഞാൽ പിന്നെ ഒന്നും മിച്ചമുണ്ടാകയില്ല. മണ്ണെണ്ണയും പഞ്ചസാരയും ബ്ലാക്കു് മാർക്കററിൽ വാങ്ങിയാണു് ചില ചില്ലറയാവശ്യങ്ങൾ നടത്തിയിരുന്നതു്. പിന്നെ, ചായക്കടക്കാരുടെ കാര്യം! ഓരോ കടയിലും കടം കൂടുമ്പോൾ മറെറാരു കടയിലേയ്ക്കു് "മുങ്ങാംകുളി" യിടുകയാണു് പതിവു്.

ഒരു കാര്യത്തിൽ ലോന തോമായെ അപേക്ഷിച്ചു് കുറെക്കൂടി ഭാഗ്യവാനാണു്! വീട്ടുകാരെന്നു പറയത്തക്കവരായി അയാൾക്കു് ആരും തന്നെയില്ല. തന്റെ കുടുംബത്തിൽ അയാൾ തന്നെയായിരുന്നു എല്ലാം. അയാളെ ആശ്രയിച്ചു ജീവിക്കാൻ ആരും തന്നെയില്ല.

എന്നാൽ തോമയുടെ നിലയതല്ല. വളരെ പ്രാരബ്ധങ്ങളുടെ ഇടയിലാണു് അയാൾ ജനിച്ചു വളർന്നതു്. വാർദ്ധക്യം കാവൽ തുടങ്ങിയിട്ടു് വളരെനാളായ തന്റെ മാതാപിതാക്കൾക്കു് അയാൾ മാത്രമാണു് താങ്ങും തുണയും. യൗവനത്തിന്റെ സവിശേഷതകൾ ഒന്നുപോലെ എത്തിനോക്കിയ നാലു സഹോദരികളുടെ ജീവിതവും ഭാവിയും തോമയിൽ തന്നെയാണു് കെട്ടുപിണഞ്ഞുകിടക്കുന്നതു്.

കഷ്ടപ്പാടുകൾ കൂടാതെ ഒരു ജീവിതം, സഹോദരികളുടെ വിവാഹം: ഇങ്ങനെ ചില പ്രതീക്ഷകളോടുകൂടിയാണു് തോമാ അവിടെ ജോലിക്കുചേർന്നതു്. പക്ഷെ, അതെല്ലാം അസ്ഥാനത്തിലായി. നീണ്ടമാസങ്ങൾ ഇരുപതു് കഴിഞ്ഞു. ഇതുവരെ വീട്ടുകാരെ പോയൊന്നുകാണുവാൻ പോലും അയാൾക്കു് കഴിഞ്ഞിട്ടില്ല. അവരുടെ വിചാരം അയാൾ തങ്ങളെ മറന്നുകളഞ്ഞുവെന്നാണു്.

തോമായുടെ അപ്പച്ചൻ കൂടെക്കൂടെ അയാൾക്കിങ്ങനെ എഴുതും—"എന്റെ കുഞ്ഞേ, ഞങ്ങളെയെല്ലാം നീ ഇത്രവേഗം മറന്നുകളഞ്ഞോ? നീയില്ലാതെ ഞങ്ങൾക്കാരാണൊരാശ്രയം? ഈ പാവപ്പെട്ട കുഞ്ഞുങ്ങളെ ഓരോ കൈപിടിച്ചേല്പിക്കേണ്ട കാലം കഴിഞ്ഞിട്ടെത്രയോ നാളായി! നിനക്കിതിനെപ്പററി ഒരു വിചാരോം ഇല്ലിയോ?... ഒന്നും തന്നില്ലെങ്കിലും വയസ്സായ നിന്റെ അപ്പനേം അമ്മേം ഇടയ്ക്കു വന്നൊന്നു കണ്ടേച്ചെങ്കിലും പോയാലെന്താണു്? എല്ലാം ഞങ്ങടെ യോഗക്കേടെന്നല്ലാതെ......"

"അപ്പന്റെ മററു വിചാരം ഇനിക്കിതൊന്നും അറിഞ്ഞുകൂടെന്നാ; നാട്ടിപ്പോകാനെനിക്കും ആഗ്രഹമില്ലയോ? അതിനും ചക്രം വേണ്ടിയോ? അന്നു്, അത്യാവശ്യം പറഞ്ഞെഴുതിയപ്പം അയച്ചുകൊടുക്കാൻ വാങ്ങിയ കടം ഇപ്പോഴും തീർന്നിട്ടില്ല. പിന്നെങ്ങിനാ?...അപ്പച്ചന്റെ കത്തു കാണുമ്പോൾ തോമയുടെ വിചാരം ഇങ്ങനെ ഓടാൻ തുടങ്ങും.

മർക്കോസാറാണു് അവരുടെ ഫോർമാൻ. അദ്ദേഹത്തിന്റെ കനിവുകൊണ്ടാണു് തോമായും ലോനയും അവിടുത്തെ പണിക്കാരായതു്. സാറു് അവരുടെ നാട്ടുകാരനുംകൂടിയാണു്. അതുകൊണ്ടു് അദ്ദേഹം അവരെ നന്നായിട്ടറിയും. പക്ഷെ, അദ്ദേഹം എന്തുചെയ്യും. അവരോടു് കരുണയില്ലാഞ്ഞിട്ടല്ല; ഈ യൂണിയൻകാർ കശപിശയുണ്ടാക്കും !! അല്ലെങ്കിൽ ലോനയ്ക്കും, തോമയ്ക്കും ഒരെഡ്ഢ്മാനോ ചാർജ്ജ്മാനോ ആകുവാൻ എപ്പഴെ കഴിയുമായിരുന്നു.—

അതെ; സാറു് അവരോടു് എല്ലാം പറഞ്ഞുകൊടുത്തിട്ടുണ്ടു്. സായിപ്പു കാരുണ്യവാനാണെന്നും, കൂലി കൂടുതൽ കിട്ടാത്തതു് ഈ യൂണിയൻകാർ മൂലമാണെന്നും, ഇവരേയൊഴിച്ചാൽ അദ്ദേഹം കമ്പനിതന്നെ പൊളിച്ചുകൊണ്ടുപോകുമെന്നും, അതുകൊണ്ടു യൂണിയനിൽ ചേരരുതെന്നും മററും മററും.

എന്നാലും തോമയുടെ ആശ ഒരു ചാർജ്ജ്മാന്റെ പോസ്റ്റിൽ തന്നെ ചുററിപ്പററി നിന്നു. കൂലിക്കൂടുതൽ; ചെലവു കഴിച്ചു മിച്ചം; സഹോദരികളുടെ വിവാഹം—ഇതല്ലാതെ മറെറാന്നും അതിന്റെ പിന്നിൽ ഉണ്ടായിരുന്നില്ല.

സേവയാണു് അതിനു കണ്ടുപിടിച്ച കുറുക്കുവ

ണി. സോപ്പുകമ്പനിയിൽ വരുമ്പോഴും, പോകുമ്പോഴും തൈസനിൽ എടുത്തുവെക്കയും, കൊടുക്കയും ചെയ്യുക; മാർക്കറ്റിൽ പോയി സാമാനം വാങ്ങിക്കൊടുക്കുക; ചിലപ്പോഴെല്ലാം നല്ല മത്സ്യം കണ്ടാൽ വാങ്ങിച്ചു കാഴ്ച നൽകുക; ഞായറാഴ്ചയും മറ്റും അടുക്കളയിൽ കയറി കൊച്ചമ്മയെ സഹായിക്കുക, കുഞ്ഞുങ്ങളെ കളിപ്പിക്കുക മുതലായി സേവാതന്ത്രത്തിൽപെട്ട പലതും ചെയ്യുക പതിവായി.

ദിവസങ്ങൾ പലതും അങ്ങനെ കടന്നുപോയി. തോമയുടെ ആശാലത ഇനിയും പുഷ്പിച്ചില്ല. ഇതിനിടെ, അയാളൊരുമിച്ചു ജോലിയെടുത്തിരുന്ന ഇക്കോരനും, ഈപ്പനും ചാർജ്ജ്മാനും, ഹെഡ്മാനും ആയി. തോമയെ അതു് അത്ഭുതപ്പെടുത്തി. ഈപ്പനും, ഇക്കോരനും പണിയിലുള്ള വൈദഗ്ദ്ധ്യത്തിലോ, പഠിപ്പിലോ തന്നെക്കാൾ ഒട്ടും മേലെയല്ല! പിന്നെ?... അതെ, ഇക്കോരന്റെ പെണ്ണും, ഈപ്പന്റെ പെണ്ണും കാണാൻ സാമാന്യം വേണ്ടതില്ലെന്നും മർക്കോസാറിനെ ചിലപ്പോഴെല്ലാം അവിടെയെല്ലാം കാണാറുണ്ടെന്നും മറ്റു് പലരും പറയുന്നതു്?........

ഒരു പുതിയ സരണി തോമയുടെ മുന്നിൽ തെളിഞ്ഞുകണ്ടു. എത്ര യൂണിയൻകാർ ഉണ്ടെങ്കിലും മർക്കോസാറു വിചാരിച്ചാൽ!......പക്ഷെ... എനിക്കെന്തു ചെയ്യാൻ കഴിയും? അതിന്റെ മുന്നിൽ കേവലം നിസ്സഹായൻ മാത്രം!

ഗാഡിന്റെ മകൾ റോസി കാണാൻ വ[illegible]ള്ള പെണ്ണാണെന്നു പലരും പറയാറുണ്ടു്. കണങ്കാലും കവിഞ്ഞു പൂറിയുടുത്ത മുറി; പുറമേക്കെത്തിനോക്കുന്ന ഒല്ലി; കടഞ്ഞെടുത്തിവെട്ടിയ കുഴഞ്ഞാർന്ന കെട്ടബോഡിയുടെമേലെ, വിചിത്രവേലകൾ വെളിവാക്കുന്ന മറ്റൊന്നുകൂടി ബന്ധിച്ചു, എത്ര അകലെനിന്നുനോക്കിയാലും ഓരോന്നും വ്യക്തമായികാണാവുന്ന നേരിയതുണികൊണ്ടു തുന്നിയ ബ്ലൗസ്സ്; പനംകുലപോലത്തെ തഴച്ച തലമുടി, പാമ്പാട്ടിയുടെ കൂടയിലെ പാമ്പിന്റെ ആകൃതിയിൽകെട്ടിവച്ചപരിഷ്കാരപ്പിന്നി; ഇതെല്ലാം ചേർന്ന് ആരിലും അലസമായി അയച്ചുവിടാവുന്ന കടാക്ഷങ്ങളുമായി നിൽക്കുന്ന റോസിയെ ഒന്നു നോക്കുന്ന ആരും രണ്ടാമതൊന്നുകൂടി തിരിഞ്ഞുനോക്കാതെ കടന്നുപോകപതിവില്ല. പക്ഷെ, ഇതൊന്നും വിവാഹച്ചന്തയിൽ വിലപ്പോകുന്ന വസ്തുക്കളല്ലാത്ത! കൊണ്ടു റോസിയുടെ വിവാഹം അവളും, അ ച്ചിയും ആശിച്ചതിലും അധികം അകന്നുപോയിരുന്നു!

ഗാഡിനു്, റോസിയടക്കം അഞ്ചെണ്ണത്തിന്റെ ഭാരം തമ്പുരാൻ കൊടുത്തിട്ടുണ്ടായിരുന്നു. അന്നാമ്മ—ഗാഡിന്റെ ഭാര്യ—പ്രസവത്തിന്റെ കാര്യം ഇനിയും നിർത്തിവെച്ചിട്ടില്ലെന്നു അയാൾ പരാതി പറയുക സാധാരണമാണു്. അന്നാമ്മയ്ക്കു് ഇതു കേൾക്കുമ്പോൾ ശുണ്ഠിവരും. അതവളുടെ കുറ്റമാണോ? എല്ലാം "താൻ" തരുന്നതല്ലേ? സന്തോഷത്തോടെ രണ്ടുകൈയ്യും നീട്ടി വാങ്ങിക്കണം! ഇതായിരുന്നു അവളുടെ സമാധാനം.

"പെണ്ണിന്റെ പുറപ്പാടു എന്തിനാണാവോ! വഴിയെ പോണ ആരേം വിടണ സ്വഭാവമല്ല എന്റെ കർത്താവെ, എന്തെല്ലാം പൊല്ലാപ്പുണ്ടാക്കിവെക്കുമെന്നറിഞ്ഞുകൂട! ആരുടേങ്കിലും കഴുത്തേ വെച്ചാമതിയായിരുന്നു". തന്നോടെന്നവണ്ണം, അന്നാമ്മ ചിലപ്പോഴെല്ലാം ഭർത്താവിനോടു പറയും.

ഗാഡും ഇതറിയാതിരുന്നില്ല. പക്ഷെ അയാളെന്തു ചെയ്യും? കാശും നടക്കണ്ടേ? വരുന്നവർക്കെല്ലാം പൊന്നുംകട്ടി കിട്ടണം! പത്തോ നൂറോ കൊടുത്തുകളയാമെന്നുണ്ടു്. അതുതന്നെ സ്ഥിതിക്കു കവിഞ്ഞതാണു്. വീട്ടിൽ അവശേഷിച്ചിട്ടുള്ള അഞ്ചുകാശും വിറ്റുകെട്ടിയാലും സ്വല്പം വല്ലതും കൂടി കൊടുത്തുകളയാമെന്നു തോന്നാതെയല്ല. പക്ഷെ, ഒന്നുമാത്രമല്ലല്ലോ ഉള്ളതു്? ഒന്നുപോലെ നാലെണ്ണത്തിന്റെ കൈ വേറെയും പിടിപ്പിക്കാൻ കിടക്കുന്നു!! പിന്നാലെ വരുന്നവരെല്ലാം ആദ്യം കൊടുത്ത സ്ത്രീധനമെങ്കിലും തങ്ങൾക്കും കിട്ടണമെന്നു ശാഠ്യം പിടിക്കും. കമ്പനിയിൽ നിന്നു കിട്ടുന്ന വെറും 23 രൂപകൊണ്ടു എന്തുനടക്കാനാണു്! ആറേഴെണ്ണത്തിന്റെ വയറു കഴിയേണ്ടേ? സ്റ്റോർകീപ്പറു സാറുമായിട്ടു ഒത്തുനിന്നു ചിലതെല്ലാം കടത്തുന്നതിന്റെ ഫലമാണു് അങ്ങിനേം ഇങ്ങിനേം തട്ടിമുട്ടി കഴിയുന്നതു. ഇതെല്ലാമായിരുന്നു ഗാഡിന്റെ വിചാരം.

ബീഡികൊളുത്താൻ സ്വല്പം തീ, ചിലപ്പോൾ കുടിക്കാൻ കുറച്ചുവെള്ളം, ഇങ്ങിനെ ചില ചില്ലറ ആവശ്യങ്ങളുടെ പേരിൽ തോമ ആ വീട്ടിലെ നിത്യപരിചിതനായി. റോസിയുടെ ആയതലോചനങ്ങളാണു് അതിന്നുത്തരവാദിയെന്നു് അച്ചാരേണ ആരും അറിയാതെയല്ല; എങ്കിലും അതങ്ങിനെതുടർന്നുപോന്നു.

"പാവം! നല്ലൊരു പയ്യൻ. ആരും പോരും ഇല്ലെങ്കിലെന്താ? എന്താണൊരു കുറവു്? ഇവിടത്തെ കുഞ്ഞുങ്ങളെ എന്തൊരിഷ്ടമാണെന്നോ അവനു്!..." തോമയെപ്പറ്റി അന്നാമ്മയ്ക്കും അ

ഭിപ്രായം ഇങ്ങിനെ ഗാഡിന്റെ മുന്നിലേക്ക നീങ്ങി.

"അതെ; തോ…കമ്പനിയിലുള്ള മററു പിള്ളേരപ്പോലെയൊന്നുമല്ല ലോന. സാറന്മാരോട്ട വക്കാണത്തിന്ന പുറപ്പെടണസമ്പ്രദായോം അവനില്ല. അവക്കെല്ലാം എന്തുകാര്യമാണെന്നോ?.." ഗാഡ് തന്റെ അഭിപ്രായൈക്യം വെളിപ്പെടുത്തി.

ലോനയെ സംബന്ധിച്ചു ഈ അഭിപ്രായഗതി അധികം താമസിയാതെ റോസിയുടെ കഷ്ടാണ്ണമട്ട് ഇറക്കിവെക്കാനുള്ള അത്താണിയായി അയാളെ കാണുവാൻ അവളെ പ്രേരിപ്പിച്ചു!

റോസിയുടെ സൗന്ദര്യം മാത്രമല്ല, ഗാഡിന്ന കമ്പനിയുമായുള്ള ബന്ധം തന്റെ താല്ക്കാലിക കടങ്ങളിൽ നിന്നുള്ള മുക്തി മുതലായ ചില കാരണങ്ങളും കൂടിയാണ് ലോനയെ ആ ബന്ധത്തിന്ന പ്രേരിപ്പിച്ചത്. സുന്ദരവും, സുശോഭനവുമായ ഒരു ഭാവിയെ അയാൾ അതിൽ കൂടി സ്വപ്നം കണ്ടു!!

നിമിഷംതോറും നിസ്സഹായതയുടെ നിബിഡനിശീഥിനിയിലേക്ക നീങ്ങിക്കൊണ്ടിരുന്ന തോമയുടെ ജീവിതനഭസ്സിൽ ലോനയുടെ വിവാഹാലോചന ആശയുടെ ഒരു കൊള്ളിയാൻ വീശി!!

വിവാഹം ഭംഗിയാക്കുന്നതിൽ തോമ അതിററു പരിശ്രമിച്ചു. അതങ്ങിനെ വേണ്ടതല്ലേ? ലോനക്കു, തോമയല്ലാതെ ഉററവരായി മററാരാണ് ഉള്ളത്? വീട്ടുകാരനും, കൂട്ടുകാരനും—എല്ലാം അയാൾ തന്നെ. ആ സ്ഥിതിക്ക തോമയുടെ പ്രവൃത്തി ആരേയും അത്ഭുതപ്പെടുത്തിയില്ല. ആളുകൾ അയാളെ നോക്കിപ്പറഞ്ഞു. "കൂടിനടന്നാൽ പോരാ; കൂട്ടുകാരായാൽ ഇങ്ങിനെ വേണമെന്ന്." അതു കേൾക്കുന്നമാത്രയിൽ തോമയുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരി സഞ്ചരിക്കും!!

തോമയെപ്പററി ഓക്കുമ്പോൾ ലോനയുടെ മനസ്സു വികാരഭരിതമാകും. അയാൾക്ക നന്ദി പറയണമെന്നുണ്ട്. പക്ഷെ, വാക്കുകൾ കിട്ടുകയില്ല; അതു നേത്രങ്ങളിൽ പ്രതിഫലിക്കും!

അങ്ങിനെ ആ ചടങ്ങു നടന്നു. ദൈവസന്നിധിയിൽ വെച്ചു വൈദികൻ അവരുടെ കരങ്ങൾ കൂട്ടിച്ചേർത്തു. ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപ്പെടുത്താതിരിക്കട്ടെ എന്ന നിലയിൽ! ലോന, റോസിയുടെ ഭർത്താവായി. അതിന്ന സമുദായ സമ്മതി കിട്ടി. ചങ്ങാതിയുടെ ഭാഗ്യത്തിൽ തോമ സംതൃപ്തനായി.

"പുതുഞായറാഴ്ച"യുടെ തലേദിവസം പെണ്ണിനേം ചെറുക്കനേം വധൂഗൃഹത്തിലേക്ക കൊണ്ടുപോകുവാൻ അവിടെനിന്നും വിരുന്നുകാർ വരുവാനുള്ള സമയമായി. അവരെ വേണ്ടവിധം സൽക്കരിച്ചയക്കുവാനുള്ള വിഭവങ്ങൾ ഒരുക്കുന്ന ശ്രമത്തിൽ എല്ലാവരുടേയും ശ്രദ്ധ അടുക്കളയിലാണ്. അപ്പോൾ അപ്രതീക്ഷിതമായി മക്കോസാറ് അവിടെ വന്നുചേർന്നു.

വിവാഹത്തിന്നു നേരത്തെ കൂട്ടി സാറിനെ ക്ഷണിച്ചിരുന്നു. പക്ഷെ, അന്നു വരുവാൻ അദ്ദേഹത്തിന്ന സൗകര്യം കിട്ടിയില്ല! എങ്കിലും അപ്പോഴെങ്കിലും മക്കോസാറു വന്നതിൽ ലോനയുടെ ഹൃദയം സന്തോഷംകൊണ്ടു തുളുമ്പി. അദ്ദേഹത്തെ നല്ലതുപോലെ സൽക്കരിക്കാൻ വേണ്ട സാധനങ്ങൾ അടുപ്പിക്കാനുള്ള വ്യഗ്രതയിൽ അയാൾ പുറത്തേക്ക പാഞ്ഞു

ലോന വരുവാൻ വൈകുന്നതിൽ അതിഥി അക്ഷമനായി. അദ്ദേഹത്തിന്ന ആറുകൂട്ടം കാര്യങ്ങളുണ്ട് പോയിട്ടു ചെയ്തുതീർക്കുവാൻ!

"എന്തൊന്നിനാ ലോന പുറത്തേക്കു പോയിരിക്കുന്നത്? ഓ! അതിന്റെ ഒന്നും ആവശ്യമില്ലായിരുന്നു" അദ്ദേഹം തോമയോടു പറഞ്ഞു.

"സാറു വരുമെന്നു ഞങ്ങൾ ഉദ്ദേശിച്ചിരുന്നില്ല. ലോന ഇപ്പംതന്നെ വരുന്നുണ്ട്. ഒരു കപ്പ് ചായയെങ്കിലും......അതു ഞങ്ങൾക്ക സങ്കടമാണ്." അപേക്ഷാസ്വരത്തിൽ തോമ മറുപടി നൽകി.

"ഇപ്പംതന്നെ വേണമെന്നുണ്ടോ? ഇനിയും സമയമില്ലയോ, തോമ! സായ്പിന്റെ സ്വഭാവം നിനക്കറിയത്തില്ലയോ? നിങ്ങൾക്കു സങ്കടമാവില്ലിയെന്നു കരുതിയാ ഇപ്പഴെങ്കിലും ഒന്നിങ്ങോട്ടു വന്നത്. ലോനയോട് പറഞ്ഞേക്കു; പിന്നെ ഒരിക്കലാവാമെന്ന്" മക്കോസാർ കസേരയിൽനിന്നു എഴുന്നേററു. പോകാനുള്ള ശ്രമത്തിലാണെങ്കിലും എന്തോ മറന്നവിധം അവിടെത്തന്നെ വട്ടംചുററി നടന്നു.

പെട്ടെന്നു എന്തോ ഓർത്തവണ്ണം പോക്കററിൽനിന്നു ഒരു പൊതി പുറത്തേക്കെടുത്തു. "കല്യാണത്തിന്ന ഒന്നുംതന്നെ ലോനക്കു കൊടുക്കാൻ കഴിഞ്ഞില്ല. ആട്ടെ ഇതു"....മക്കോസാറ് തന്റെ കയ്യിലിരുന്ന പൊതി തോമയുടെ നേർക്ക നീട്ടി. പക്ഷെ, ക്ഷണം പിൻവലിച്ചുകൊണ്ടു തുടർന്നു. "അപ്പോൾ ലോനയുടെ മണവാട്ടിയെ ഞാനൊന്നു കണ്ടില്ലല്ലോ. ഒന്നിങ്ങു വിളിക്കുമോ? ഏതായാലും..." അസ്പഷ്ടമാം ധ്വനിയിൽ എന്തോ ചിലതുകൂടി പറഞ്ഞു.

അടുത്ത മുറിയിൽ ഇതെല്ലാം ശ്രവിച്ചാണു് റോസി ഇരുന്നിരുന്നതു്. തോമ അവിടേക്കു കടന്നു ചെന്നു. എന്തോ ചിലതെല്ലാം അവളോടു മന്ത്രിച്ചു. അവളുടെ ശരീരമാകെ വേപഥുവണിഞ്ഞു. നാഴികമണിയുടെ പെൻഡുലം പോലെ മനസ്സു് കിടന്നു് ആടുവാൻ തുടങ്ങി!

അതെ. അനുസരിക്കാതെ നിവൃത്തിയില്ല! അദ്ദേഹത്തിനു നീരസം വരാതെ പെരുമാറേണ്ടതു തന്റെ കടമയാണു്. തോമ അതു നല്ലപോലെ വിശദീകരിച്ചിരുന്നു. സാറു തന്റെ ഭർത്താവിന്റെ യജമാനനാണു്. അദ്ദേഹം വിചാരിച്ചാൽ?... ഭേദപ്പെട്ട ഉദ്യോഗക്കയറ്റം... അല്ലെങ്കിൽ?... അന്നാളുടെ ജോലി—തന്റെ ഭാവി—ആ മോഹന സ്വപ്നങ്ങൾ! ഹാ! അതിനെപ്പറ്റി ആലോചിക്കാൻപോലും അവൾക്കു കഴിഞ്ഞില്ല. ഇരുചെവികളിലും മണിനാദം മുഴങ്ങി. ഉച്ചവെയിലിൽ തെല്ലിട നിന്നതിനു ശേഷം തണലിൽ പ്രവേശിച്ചാൽ ഉണ്ടാകുന്ന മാതിരി ഒരു വിഭ്രമം നയനങ്ങൾക്കു് അനുഭൂതമായി.

ആലക്തികശക്തിയാൽ നടത്തപ്പെടുന്ന മൃതശരീരമെന്നപോലെ തന്റെ മുന്നിലേക്കു നടന്നു വരുന്ന ആ നവോഢയുടെ, യുവത്വവും സൗന്ദര്യവും ഒത്തുചേർന്നു് ഓളംതല്ലുന്ന കോമളാകാരം, യൗവനം വിട ചോദിച്ചുതുടങ്ങിയെങ്കിലും കാമാർത്തിയുടെ സ്ഫുലിംഗങ്ങൾ ചിതറുന്ന മർക്കോസാറിന്റെ നയനങ്ങൾ നഖശിഖാന്തം നുകരുവാൻ തുടങ്ങി.

“ഗോവിന്ദന്റെ മകളാണില്ലേ? അറിയത്തില്ലിയോ?” അദ്ദേഹം കുശലപ്രശ്നത്തിനു മുതിർന്നു.

തന്റെ കാതരങ്ങളായ നയനങ്ങൾ മർക്കോസാറിന്റെ മുഖത്തേക്കുയർത്തുവാൻ റോസി ഒരു ഭഗീരഥപ്രയത്നം തന്നെ നടത്തി. വളരെ പണിപ്പെട്ടതിനു ശേഷം ഒരു വിളർത്ത പുഞ്ചിരി അവളുടെ ചുണ്ടുകളിൽ പരന്നു. ഒരു മരിച്ച മുഖത്തിന്റെ പ്രതീതിയാണു് അതു കാണുന്നവർക്കു അപ്പോഴുണ്ടാവുക.

എന്തെങ്കിലും പറയാൻ റോസിയുടെ മനസ്സു് വെമ്പൽകൊണ്ടു. കൊലപാതകത്തിനു പിടിക്കപ്പെട്ടു്, വിസ്താരം കഴിഞ്ഞു്, വിധിവാചകം ഉച്ചരിക്കുന്നതു കേൾക്കാൻ ഉൽക്കണ്ഠകൊണ്ട പ്രതിയെന്നവണ്ണം നിലകൊള്ളുന്ന അവളുടെ വറ്റിവരണ്ട തൊണ്ടയിൽ നിന്നു് ഒരക്ഷരം പോലും പുറത്തു വന്നില്ല.

പൊങ്ങിയും താഴ്ന്നും കൊണ്ടിരുന്ന അവളുടെ ഉന്നതമായ മാറിനെ മറച്ചിരുന്ന വിവാഹവസ്ത്രങ്ങളേയും ഉലച്ചു ചെല്ലുന്ന നോട്ടങ്ങളോടു കൂടി മർക്കോസാറു തന്റെ കൈയിലിരുന്ന വിവാഹസമ്മാനം റോസിയുടെ നേർക്കു നീട്ടി. നനുത്ത വിയർപ്പുകണംകൊണ്ടു നനഞ്ഞ ആ നവോഢയുടെ നളിനകരം, ഇതുപോലെ പലതും നടിച്ചു പഴക്കം വന്ന ആ വിടന്റെ പരുപരുത്ത കൈകളുടെ സ്പർശനത്താൽ ദൂഷിതമായി! അവളുടെ ശരീരമാകെ രോമാഞ്ചം പൂണ്ടു. മാറിടം വിജൃംഭിതമായി.

“തരക്കേടില്ല തോമാ, ഇതിന്റെ പണി. ഇതിവിടെ പണിയിച്ചതോ, വാങ്ങിയതോ?” സാറിന്റെ ദൃഷ്ടി സാകൂതമായി തന്റെ സേവകന്റെ നേർക്കു തിരിഞ്ഞു. ഉത്തരം പറയാതെ തന്നെ അയാൾ അവിടം വിട്ടു. സാറിന്റെ വലതുകരം താലിമാലയുടെ പണി പരിശോധിക്കാനെന്നവണ്ണം റോസിയുടെ ഗളത്തിലേക്കടുത്തു. എന്താണു് വേണ്ടതെന്നു യാതൊരു രൂപവുമില്ലാതെ അവൾ അമ്പരന്നു. അനുകൂലിക്കാനോ പ്രതികൂലിക്കാനോ കഴിയുന്നതിനു മുമ്പായി ആ കാമാന്ധന്റെ കൈകൾ അവളെ ബലമായി അയാളിലേക്കടുപ്പിച്ചു.

കാലചക്രം നാലഞ്ചു തവണ കറങ്ങി. തോമസ്സു് ജോലിക്കയറ്റം ഇതുവരെ ലഭിച്ചില്ല. അതിനു വേണ്ടി അയാൾ സ്വീകരിച്ച കുറുക്കുവഴി “ചെവിക്കു ചെവി” കമ്പനിയിലെങ്ങും പരന്നു. ദൃഷ്ടിയുയർത്തി നടക്കാൻ അയാൾക്കിന്നു സാദ്ധ്യമല്ല. ആരെങ്കിലും സംസാരിക്കുന്നതു കണ്ടാൽ അതു തന്നെപ്പറ്റിയായിരിക്കുമെന്നാണു് ആ സാധുവിന്റെ ധാരണ. അപ്പോഴെല്ലാം ജോലിക്കയറ്റത്തിനു വേണ്ടി താൻ കൈക്കൊണ്ട കുത്സിതവൃത്തിയെപ്പറ്റിയുള്ള പശ്ചാത്താപത്തിലേക്കു് അയാൾ നീങ്ങും.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ കമ്പനിയിൽനിന്നു കണ്ടുപിടിക്കപ്പെട്ട ഔദ്യോഗികമായ ഏതോ തകരാറു്, മർക്കോസാറിനെ അതിന്റെ വെളിയിലേക്കും; ആ വിവരം തോമയെ തന്നെ രാജ്യത്തിന്റെ അടിത്തട്ടിലേക്കും പിടിച്ചുതള്ളി. ആ സംഭവം തോമയെ ഇരുത്തി ചിന്തിപ്പിച്ചു. ശരിയായ വഴി തന്റെ മുന്നിൽ അയാൾ തെളിഞ്ഞു കണ്ടു. തന്നെപ്പോലെ നിസ്സഹായരായ സഖാക്കളെ ബോധപൂർവം സംഘടിപ്പിക്കുന്നതിൽ അയാളിന്നു മുമ്പനാണു്.

# ജൂപ്പിററർ പദപ്രശ്നം.

(1) — ട — തിരുവിതാംകൂറിലെ ഒരു സ്ഥലനാമം.
(2) — — ടം. ഒരു നക്ഷത്രം.
(3) — ണ്ണ്. നന്നാക്കിയാൽ നന്നാവും.
(4) — — ദശി. പക്ഷങ്ങളിൽ ഒന്നു്.
(5) വ — [illegible] വളരെ സഹായമാണു്

ഒരു — ഡാഷിനു് ഒരക്ഷരം വീതം ഉപയോഗിച്ചു പൂരിപ്പിക്കണം.

ആദ്യത്തെ ഉത്തരത്തിനു് 8 ണ. പിന്നീടുള്ള ഓരോ ഉത്തരങ്ങൾക്കും 4 ണ. വീതം. വെള്ളക്കലാസ്സിൽ എഴുതിയയച്ചാൽ മതിയാകും.

ഡിസംബർ 31-ാംനു- വരെയുള്ള ഉത്തരങ്ങൾ സ്വീകരിക്കും. ജനുവരി 8-ാംനു-യിലെ ചിത്രോദയത്തിൽ ഉത്തരം പരസ്യം ചെയ്യുന്നതായിരിക്കും.

ഒന്നാം സമ്മാനം 150 ക. രണ്ടാംസമ്മാനം 50 ക. മൂന്നാംസമ്മാനം 25 ക.

സീൽവച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തോടു ശരിയായി ഉത്തരം കിട്ടുന്നവർക്കു ഒന്നാംസമ്മാനം. ഒരു തെററുകാർക്കു രണ്ടാംസമ്മാനം. രണ്ടുതെററുകാർക്കു മൂന്നാംസമ്മാനം. ഒരു സമ്മാനത്തിനു ഒന്നിലധികം സമ്മാനാർഹരുണ്ടെങ്കിൽ തുക സമമായി വീതിക്കും.

ജൂപ്പിററർ പദപ്രശ്നം, കോട്ടയം.

---


## ചിത്രോദയം

പുരോഗമനപരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന മലയാളത്തിലെ ഏകവാരിക.

വരിസംഖ്യ. അഞ്ചലിലും, തപാലിലു

3 മാസത്തേക്കു് 2 രൂപാ

6 മാസത്തേക്കു് 3½ രൂപാ

N. B. ഒററപ്രതി കളരിക്കൽ ബസ്സ്റ്റാറിലെ നാഷണൽബുക്ക്സ്റ്റാളിൽ കിട്ടുന്നതാണു്.

G. N. NAIR'S
ARSOGHNAM
SAFE LAXATIVE FOR ALL
BEST FOR
Piles &
Constipation
GVP

Manufactured by
*G. V. PHARMACY,*
*Ettumanoor,*
*Travancore.*


Printed and Published by P. J. Joseph at the Powra Prabha Press Kottayam

REG. T. 7 License No 368 Dated 1st March 1939

CHITHRODAYAM KOTTAYAM.

# നവവത്സരോപഹാരം.

ഹൃദയത്തിൽ ആഞ്ഞിറങ്ങി വികാരവിക്ഷോഭമുണ്ടാക്കുന്ന

ഒന്നാംതരം ചെറുകഥകളുടെ സമാഹാരം.

# തകഴിയുടെ കഥകൾ.

വെള്ളക്കടലാസ്, കമനീയമായ പുറംചട്ട

(അച്ചടിയിൽ) വില ക. ൧ ണ. ൪.

പ്രസാധകന്മാർ:-

## തിരുവിതാംകൂർ സാഹിത്യപ്രവർത്തക സഹകരണസംഘം (ക്ലിപ്തം)

നംബർ ൨൪൭൨, കോട്ടയം.

## തിരുവിതാംകൂർ
## സാഹിത്യപ്രവർത്തക സഹകരണസംഘം (ക്ലിപ്തം)

നമ്പർ ൨൪൭൨, കോട്ടയം.

ഓഹരി ഒന്നിനു പത്തു രൂപാ. പ്രവേശനഫീസ് ൧ രൂ.

രണ്ടാമത്തെ ഓഹരിമുതൽ പ്രവേശനഫീസ് നാലണ.

ഒരംഗം അടയ്ക്കേണ്ട പ്രവേശനഫീസ് മൂന്നു രൂപായിൽ കൂടുന്നതല്ല. ഓഹരിത്തുക ഒന്നായി അടയ്ക്കണം. സഹകരണസംഘത്തിന്റെ സാധാരണ നിബന്ധനകളെല്ലാം ഇതിലുമുണ്ട്. സംഘം പ്രധാനമായി ചെയ്യുന്ന ജോലി പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുകയാണ്. ഗ്രന്ഥകർത്താക്കൾക്കു കൂടുതൽ ആദായം കൊടുക്കുക എന്നതാണ് സംഘത്തിന്റെ ഉദ്ദേശ്യം. സാഹിത്യത്തിലെ എല്ലാ പ്രസ്ഥാനക്കാരെയും സംഘം സ്വാഗതം ചെയ്യുന്നു.

(കൂടുതൽ വിവരങ്ങൾക്കു സ്റ്റാമ്പുസഹിതം സെക്രട്ടറിക്കെഴുതുക.)